കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുനലൂർ നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail:doklmksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം-എം.എൽ 314/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി.15.02.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുനലൂർ നഗരസഭ

സർ,

വിഷയം : പുനലൂർ നഗരസഭ – 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുനലൂർ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

3)റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യാലയം,കൊല്ലം.

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.എം.എൽ. 314/2017 തിയ്യതി:15.02.2017

## കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ

## 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 03-06-2016 മുതൽ 10-09-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.മിനി.എ.എസ്. | |
| | | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05-01-2017 മുതൽ 13-01-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കെ.സൈമൺ.<br>ശ്രീ.ഐസക്ക് ജോൺ<br>ശ്രീ.എ.ശശിജോഷ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ഓഡിറ്റ് ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| | ശ്രീമതി.സിജാറാണി.എസ്. | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.ജൂഡിറ്റ് വർഗ്ഗീസ് | ഓഡിറ്റർ |
| | ശ്രീമതി.കെ.വിഷ്ണുപ്രിയ | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി രാധാമണി വിജയാനന്ദ്. | 01-04-2015മുതൽ<br>31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01-11-2015 മുതൽ<br>12-11-2015 വരെ |
| | ശ്രീ.എം.എ.രാജഗോപാൽ | 18-11-2015 മുതൽ<br>31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.എ.എസ്സ്.നൈസ്സാം. | 01-04-2015 മുതൽ<br>07-01-2016 വരെ |
| | ശ്രീ.വരദരാജൻ-റവന്യൂ ഓഫീസർ<br>സെക്രട്ടറിയുടെ ചുമതല | 08-01-2016 മുതൽ<br>17-01-2016 വരെ |
| | ശ്രീ.സാംജി ഡേവിഡ് | 18-01-2016മുതൽ<br>31-03-2016 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | ശ്രീമതി.ബീന | 01-04-2015 മുതൽ |

| | | |
|---|---|---|
| എഞ്ചിനീയർ | ശ്രീ.ആർ.ബിജു | 29-06-2015 വരെ<br>29-06-2015 മുതൽ<br>31-03-2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഡി.ഷൈൻ | 01-04-2015 മുതൽ<br>31-03-2016വരെ |
| വെറ്ററിനറി സർജൻ | ഡോ.സുഷമാകുമാരി | 01-04-2015 മുതൽ<br>18-04-2015 വരെ |
| | ഡോ.പ്രീത | 19-04-2015 മുതൽ<br>21-07-2015വരെ |
| | ഡോ.ഉമ്മൻ.വി.രാജ് | 22-07-2015 മുതൽ<br>25-09-2015വരെ |
| | ഡോ.ഉഷ.കെ.ഷാനി | 26-09-2015 മുതൽ<br>24-01-2016വരെ |
| | ഡോ.സുഷമാകുമാരി | 25-01-2016 മുതൽ<br>06-02-2016വരെ |
| | ഡോ.സുന | 07-02-2016 മുതൽ<br>10-02-2016വരെ |
| | ഡോ.കെ.എൽ.തോമസ് | 11-02-2016 മുതൽ |

| | | |
|---|---|---|
| | | 31-03-2016വരെ |
| കൃഷി ഓഫീസർ | ശ്രീ.ചന്ദ്രശേഖരൻപിളള | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.എം.ആർ.മിനി. | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ജെ.ഗുരുപ്രസാദ് | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി | ഡോ.ഷീജാ.സി.എൽ | 01-04-2015മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | ഡോ.സുഭഗൻ | 01-04-2015 മുതൽ 12-01-2016 വരെ |
| | ഡോ.ആർ.ഷാഹിർഷാ. | 13-01-2016 മുതൽ 31-03-2016 വരെ |
| സി.ഡി.പി.ഒ | ശ്രീമതി സുമ.റ്റി.എസ് | 01-04-2015 മുതൽ 18-06-2015 വരെ |
| | ശ്രീമതി.സരള.ജെ | 19-06-2015 മുതൽ 01-08-2015 വരെ |
| | ശ്രീമതി.രമാദേവി | 02-08-2015മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| വ്യവസായവികസന ഓഫീസർ. | ശ്രീമതി .ജമീലാബീഗം. | 01-04-2015 മുതൽ 21-07-2015 വരെ |
| | ശ്രീ.ജോൺമാത്യു | 22-07-2015 മുതൽ 22-08-2015 വരെ |
| | ശ്രീ.ജയചന്ദ്രൻ | 22-08-2015 മുതൽ 31-03-2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | പരസ്യ നികുതി ഈടാക്കിയില്ല | 2-1 |
| 13 | ലേലം തുടർനടപടികൾ കൈക്കൊണ്ടില്ല | 2-2 |
| 14 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 2-3 |
| 15 | സർക്കാർ മാർഗനിർദ്ദേശത്തിനു വിരുദ്ധമായി തനതുഫണ്ട് സൂക്ഷിക്കാൻ രണ്ട് അക്കൗണ്ടുകൾ | 2-4 |
| 16 | 30 സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയിട്ടില്ല-നഷ്ടം 68750 രൂ | 2-5 |
| 17 | വാടകകുടിശ്ശികയിനത്തിൽ ഭീമമായ തുക ഈടാക്കാൻ അവശേഷിക്കുന്നു | 2-6 |
| | ഭാഗം -3 | |
| 18 | ആരംപുന്ന പാറയിൽ റോഡിന്റെ പുനരുദ്ധാരണം-ഫൈൻ ഈടാക്കിയില്ല-41667/-രൂപയുടെ നഷ്ടം | 3-1 |
| 19 | പത്തുപറ- പനന്തരകോളനി റോഡ് ഉദ്ധാരണം -മെറ്റലിംഗിൻെറ ഭാഗമായുള്ള മണ്ണ് അധിക അളവിൽ സ്റ്റാക്കിംഗ് നടത്തിയതുമൂലവും, ഫൈൻ ഈടാക്കിയതിൽ കുറവും രൂപയുടെ നഷ്ടം | 3-2 |
| 20 | അലിയാട്ട്കുന്ന്- സ്നേഹതീരം റോഡ് രണ്ടാം മെറ്റലിംഗും - ടാറിംഗും കരാർവ്യവസ്ഥയനുസരിച്ച് വർക്ക് കംപ്ലീറ്റ് ചെയ്യാത്തതിന് ഫൈൻ ഈടാക്കാത്തത് 6218/- രൂപയുടെ നഷ്ടം- | 3-3 |
| 21 | അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല-നൽകിയ തുക തിരികെ | 3-4 |

| | | |
|---|---|---|
| | ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | |
| 22 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല-പെൻഷൻ വിതരണം ക്രമപ്രകാരമല്ല | 3-5 |
| 23 | പോസ്റ്റ് ഷിഫ്റ്റിംഗ്-കെ.എസ്.ഇ.ബിയിൽ നിന്നുള്ള വിനിയോഗവിശദാംശം ഇല്ല | 3-6 |
| 24 | വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല,ക്വട്ടേഷൻ നടപടികൾക്ക് സുതാര്യതയില്ല. | 3-7 |
| 25 | എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചതിനുള്ള പിഴ ഈടാക്കിയതിൽ കുറവ്- നിരാകരിക്കുന്ന തുക- 14478/-രൂ. | 3-8 |
| 26 | പ്രോജക്ട് നം. SO-097/16-മണിയാർ ആറ്റുകടവ് കുഴിക്കരികം റോഡിന്റെ ഇടത്തേയ്ക്ക് തിരിയുന്ന റോഡിന്റെ പുനരുദ്ധാരണം-സെന്ററിംഗ് & ഷട്ടറിംഗ്-ആവശ്യകതയിൽ കൂടുതൽ അളവിന് തുക നൽകി-നിരാകരിക്കുന്ന തുക- 5130/- രൂ. | 3-9 |
| 27 | എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചതിനുള്ള പിഴ ഈടാക്കിയില്ല-മുനിസിപ്പൽ ഫണ്ടിന് വൻ നഷ്ടം | 3-10 |
| 28 | പ്രോജക്ട് നം. SO-137/16-ചെമ്മന്നൂർ വാർഡിൽ തെങ്ങുംതറ കോളനിയിൽ ഓട നിർമ്മാണം-അപാകതകൾ- നിരാകരിക്കുന്ന തുക- 24551/- രൂ. | 3-11 |
| 29 | ഭവനപുനരുദ്ധാരണം -മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി | 3-12 |
| 30 | നഗരസഭാ ഓഫീസ് അടിസ്ഥാന സൗകര്യവികസനം- | 3-13 |
| 31 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ-ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഇല്ല | 3-14 |

| | | |
|---|---|---|
| 32 | പാലിയേറ്റിവ് കെയർ-മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല. | 3-15 |
| 33 | കിണർ നിർമ്മാണം-പട്ടികജാതി വനിത-മുൻവർഷങ്ങളിൽ ആനുകൂല്യംലഭിച്ചവർക്കും അർഹമായതിലും അധികമായുംആനുകൂല്യം നൽകി | 3-16 |
| 34 | കിണർ നിർമ്മാണം-(പട്ടിക വർഗ്ഗം)മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടുംആനുകൂല്യം നൽകി | 3-17 |
| | ഭാഗം -4 | |
| 35 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27-03-2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 03-09-2016 | - | - |

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ *9(1)*-ാം വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം വാർഷികധനകാര്യ പത്രിക പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. എന്നാൽ ടി കാലയളവിന് ശേഷമാണ് നഗരസഭയിൽ നിന്നും അക്കൗണ്ട്സ് പരിശോധനയ്ക്ക് ഹാരാക്കിയിട്ടുള്ളത്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 13-01-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

2015-16 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

a) പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രാന്റ്,മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ് എന്നീ ഫണ്ടുകളുടെ വരവുകൾ കോൺട്രാക്ടേഴ്സ് കണ്ട്രോൾ -സ്പെസിഫിക്ക് ഗ്രാന്റ്, അദർ ക്രെഡിറ്റേഴ്സ് എന്നീ ഹെഡുകളിലാണ് ഉൾപ്പെട്ട് വന്നിരിക്കുന്നത്.

b)നികുതി- നികുതിയതര വരവിനങ്ങളുടെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികധനകാര്യപത്രികയിലെ തുകകളുമായി

പൊരുത്തപ്പെടുന്നില്ല.

c) റെസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ RP-8 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പലിശ വരവിൽ ലയബിലിറ്റി ഹെഡിൽ ഉൾപ്പെട്ടുവരുന്ന തുകകളുടെ പലിശ കൂടി വന്നിട്ടുണ്ട്.

d) ഷെഡ്യൂൾ-B-2 -ൽ ഉൾപ്പെട്ടു വന്നിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

e) RP-40(b) പത്രികയിൽ ഉൾപ്പെട്ടു വന്നിരിക്കുന്ന UIDSMT തുകയല്ല ബാലൻസ്ഷീറ്റിൽ B-4 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

f) ഒടുക്കുവാനവശേഷിക്കുന്ന ലോൺ തുകയുടെ കൃത്യത പരിശോധിക്കുവാനുള്ള പത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

g) 2015-16 സാമ്പത്തിക വർഷത്തിലെ ലയബിലിറ്റിയായി ജീവനക്കാരുടെ ശമ്പളം രണ്ട് തവണB-9 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു

h)ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകളുടെ വരവ് ,പിൻവലിക്കൽ, നീക്കിബാക്കി തുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിയുന്നില്ല.

i)B-13 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിക്ഷേപതുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11,08,23,738 |
| വരവ് | 16,69,80,895 |
| ആകെ | 27,78,04,633 |
| ചെലവ് | 22,60,97,974 |
| നീക്കിയിരിപ്പ് | 5,17,06,659 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4747615 | 4975554+ (39269333) | 48992502 | 48992502 | 0 | 100 |
| വികസനഫണ്ട് | 2865296 | 10645800 | 13511096 | 13511096 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 649066 | 1865866 | 2514932 | 2514932 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 12250154 | 16741148 | 28991302 | 28991302 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4982087 | 7752865 | 12734952 | 12734952 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 23030244 | 42390682 | 65420926 | 65420926 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 10809795 | 129936 | 10939731 | 10939731 | 0 | 100 |
| ബി ഫണ്ട് | ----- | 52015679 | 52015679 | 52015679 | ------ | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 368 | 212214861 | 285 | 135579515 | - | 83 | 77 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 17670870 | 18030224 | 359354 | 2 |
| നികുതിയേതര വരവുകൾ | 14415630 | 13115946 | -1299684 | (9) |
| മറ്റുവരവുകൾ | 12969355 | 17315340 | 4345985 | 34 |
| ആകെ | 45055855 | 48461510 | 3405655 | 8 |

ോ

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,53,320 | 380 |
| കർഷകതൊഴിലാളി പെൻഷൻ | 43,06,410 | 557 |
| വിധവാപെൻഷൻ | 2,42,48,080 | 2516 |
| വാർദ്ധക്യകാലപെൻഷൻ | 1,46,66,340 | 1912 |
| വികലാംഗപെൻഷൻ | 52,72,040 | 548 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 4,78,640 | 66 |
| വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 3,90,000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-01-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 358442/-രൂപ ക്യാഷ് ബാലൻസിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റുകൾ ലഭിക്കുന്നതിന്റേയും പിൻവലിക്കുന്നതിന്റേയും വർഷാവസാനം ബാധ്യതയായി അവശേഷിച്ചിരിക്കുന്ന ഡെപ്പോസിറ്റ് തുകകളുടെയും കൃത്യമായ കണക്കുകൾ ലഭ്യമല്ല. നഗരസഭയുടെ തനത്ഫണ്ടിൽ മുതൽ കൂട്ടേണ്ട കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകളുടെ വിവരം വേർതിരിക്കാനും സാധിക്കുന്നില്ല.

വൗച്ചർ നം-167/8-15 പ്രകാരം 20000/-രൂപ WP(C)No-38794/10, WP(C) No-14151/114, WP(C) No-1079/11, WP(C)8630/14 എന്നിവയുടെ വക്കീൽ ഫീസിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച കേസിന്റെ വിശദാംശങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് സൂക്ഷിച്ചിരിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമല്ല. ലോഗ് ബുക്കിൽ വാഹനങ്ങളുടെ ഇന്ധനക്ഷമത

സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല.

നഗരസഭയിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് മോണിട്ടറിംഗ് ഇല്ലാത്തതിനാൽ പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും തുടർപ്രവർത്തനങ്ങൾ നടത്താനും സാധിച്ചിട്ടില്ല. നഗരസഭയുടെ തനത് വരുമാനം വർദ്ധപ്പിക്കുന്നതിനുള്ള യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വൻകുടിശ്ശിക വരുത്തിയിരിക്കുന്നു. കെട്ടിട നികുതി, വാടക, തൊഴിൽനികുതി എന്നീ വരവിനങ്ങളിലാണ് കുടിശ്ശിക വരുത്തിയിരിക്കുന്നത്. വിവിധ നികുതി-നികുതിയേതര രജിസ്റ്ററുകളിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല. പിരിച്ചെടുക്കുന്ന സർവ്വീസ് നികുതി യഥാസമയം ഒടുക്കുവരുത്തിയിട്ടില്ലാത്തതിനാൽ വൻതുകയാണ് പിഴയിനത്തിൽ ഒടുക്കേണ്ടി വരുന്നത്. വിവിധ പദ്ധതികൾക്കായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും എടുത്ത വായ്പകൾ യഥാസമയം ഒടുക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നില്ല. പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലും നഗരസഭക്ക് വൻ ബാധ്യതയാണ് വന്നിരിക്കുന്നത്. മുൻ വർഷങ്ങളിൽ നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ട്, വികസനഫണ്ട്, സംരക്ഷണഗ്രാന്റ് -റോഡിതരം എന്നിവയിൽ നിന്നും നേരിട്ട് വാട്ടർ അതോറിട്ടിയിൽ ഒടുക്ക് വരുത്തിയ തുകകൾ ഉൾപ്പെടുത്താതെയാണ് വാട്ടർ അതോറിട്ടിയിൽ നിന്നും കുടിശ്ശിക ഡിമാന്റ് ചെയ്തിരിക്കുന്നത്. ടി വിഷയത്തിൽ അടിയന്തിരനടപടികൾ സ്വീകരിച്ചില്ലെങ്കിൽ കുടിശ്ശികയിനത്തിൽ വൻതുകയാണ് നഗരസഭയ്ക്ക് ഒടുക്കേണ്ടി വരുന്നത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-10-2013 | 2012-13 | റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് മറുപടി നൽകിയിരിക്കുന്നു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-06-2015 | 2014-15 | റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് മറുപടി നൽകിയിരിക്കുന്നു. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യ നികുതി ഈടാക്കിയില്ല

2015-16 സാമ്പത്തിക വർഷം പുനലൂർ നഗരസഭയിൽ പരസ്യ നികുതിയിനത്തിൽ വരവ് കുറവാണ്. ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടെ 11/3/15-ലെ തീരുമാനം നമ്പർ 10 പ്രകാരം പരസ്യനികുതി നഗരസഭ നേരിട്ട് പിരിച്ചെടുക്കുന്നതിനായി 1/4/15മുതൽ പരസ്യനികുതി നേരിട്ട്പിരിക്കുന്നതിന് ജീവനക്കാരെ നിയമിച്ചു. സെക്രട്ടറിയുടെ 30/3/15-ലെ R4-5214/15 നമ്പർ ഉത്തരവ് പ്രകാരം നഗരസഭാപരിധിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി R.I 2/5/16ൽ ലിസ്റ്റ് സമർപ്പിച്ചെങ്കിലും പരസ്യബോർഡുകളുടെ ഉടമകൾക്ക് 22/2/16-ലാണ് നോട്ടീസ് നൽകിയത്. സാമ്പത്തികവർഷം അവസാനിച്ചസമയത്ത് നോട്ടീസ് നൽകിയതിനാൽ നികുതി അടയ്ക്കാത്തവരിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കാൻ സാധിക്കാതെ വന്നു. 2/5/15-ൽ 94 സ്ഥാപനങ്ങളുടെ ലിസ്റ്റാണ് സമർപ്പിച്ചത്. 1/4/15 മുതൽ 23/3/15-ലെ മൂന്നാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പരസ്യനികുതി നേരിട്ടു പിരിക്കുന്നതിന് ജീവനക്കാരെ നിയമിച്ചു. പിന്നീട് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. 17/2/16-ലാണ് പരസ്യ നികുതി നേരിട്ട് പിരിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയത്. പരസ്യ നികുതിയിനത്തിൽ ആകെ 7 സ്ഥാപനങ്ങളാണ് നികുതി അടവാക്കിയത്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കാത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (നം-1/തീയതി 20-10-17 )ന് നൽകിയ മറുപടി തൃപ്തികരമല്ല.

## 2-2 ലേലം തുടർനടപടികൾ കൈക്കൊണ്ടില്ല-നഗരസഭയ്ക്ക് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം

2015-16 സാമ്പത്തിക വർഷം പുനലൂർ നഗരസഭയിൽ ലേലം നടപടികൾ കൈക്കൊള്ളേണ്ടതായ വസ്തുവകകളുടെ വിവരം താഴെ പറയുന്നു

1.പുനലൂർ മാർക്കറ്റ് മത്സ്യഫീസ് പിരിവ്

2.ഏഴ് നില കെട്ടിടത്തിലെ കംഫർട്ട് സ്റ്റേഷൻ

3.പുനലൂർ മാർക്കറ്റ് മാട്ടിറച്ചി സ്റ്റാൾ -1

4.പുനലൂർ മാർക്കറ്റ് മാട്ടിറച്ചി സ്റ്റാൾ -2

5.ആട്ടിറച്ചി സ്റ്റാൾ -1

6.കലയനാട് ആട്ടിറച്ചി സ്റ്റാൾ -2

7.കലയനാട് മാട്ടിറച്ചി സ്റ്റാൾ -2

8.ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ(പുനലൂർഷോപ്പിംഗ് കോപ്ലക്സ്)

9.വെട്ടിപ്പുഴ കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം

10.ചെമ്മന്തൂർ കംഫർട്ട് സ്റ്റേഷനിൽനിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം

11.ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം

12.പുനലൂർ മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ്

ടി വസ്തുവകകളിൽ ക്രമനം 9, 10, 11, 12 എന്നീ ഇനങ്ങൾക്ക് ലേലം നടത്തി.ബാക്കിയുള്ള വസ്തുവകകൾക്ക് പുനർലേലം നടത്തിയെങ്കിലും ആരും കൈക്കൊള്ളാതിരുന്നതിനാൽ പിന്നീട് യാതൊരു നടപടിയും കൈക്കൊണ്ടില്ല . തന്മൂലം നഗരസഭയ്ക്ക് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായി. വരുംവർഷങ്ങളിൽ ലേലനടപടികൾ യഥാസമയം പൂർത്തീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

പുനലൂർ നഗരസഭയിൽ താഴെ പറയുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല .വിശദവിവരങ്ങൾ ചുവടെചേർക്കുന്നു

| ക്രമനം | വാർഡ് | കെട്ടിട നം. | വിലാസം | വാർഷിക നികുതി | നികുതി ഒടുക്കാനുള്ള വർഷം |
|---|---|---|---|---|---|
| 1 | മാർക്കറ്റ് | 10/373-എ | റിലയൻസ് | 700*2= 1400 | 2013-14,2014-15 |
| 2 | കച്ചേരി | 13/791-എ | ഡിഷ്നെറ്റ് വയർലെസ് | 10000*5= 50000 | 2010-11മുതൽ 2014-15 വരെ |
| 3 | കച്ചേരി | 13/791-ബി | ഡിഷ്നെറ്റ് വയർലെസ് | 700*5= 3500 | 2010-11മുതൽ 2014-15 വരെ |
| 4 | അഷ്ടമംഗലം | 17/351-ഡി | ബി.എസ് എൻ.എൽ | 10500*5= 52500 | 2010-11മുതൽ 2014-15 വരെ |
| 5 | തുമ്പോട് | 25/126-ബി | ഡിഷ് ലെറ്റ് വയർലെസ് | 10010*4= 40040 | 2011-12മുതൽ 2014-15വരെ |
| 6 | തുമ്പോട് | 25/126-സി | റിലയൻസ് ഇൻഫോടെൽ | 9520 | 2014-15 |

| | | | | | |
|---|---|---|---|---|---|
| 7 | തുമ്പോട് | 25/126ഡി | വയർലെസ് റ്റി.റ്റി | 10663*2= 21326 | 2013-14,2014-15 |
| 8 | നെല്ലിപ്പള്ളി | 27/264-സി | ഡിഷ് ലെറ്റ് വയർലെസ് | 10010*5= 50050 | 2010-11മുതൽ 2014-15 വരെ |
| 9 | ശാസ്താം കോണം | 7/140 ബി | ഇൻഡസ് ടവേഴ്സ് | 21795 | 2013-14-അർദ്ധ പകുതി,2014-15 |
| 10 | കച്ചേരി | 13/689എ | എംസ് ഭാരതി ടെലിവെഞ്ചേഴ്സ് | 9940*3= 29820 | 2012-13മുതൽ 2014-15 വരെ |

ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികസഹിതം ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-4 സർക്കാർ മാർഗനിർദ്ദേശത്തിനു വിരുദ്ധമായി തനതുഫണ്ട് സൂക്ഷിക്കാൻ രണ്ട് അക്കൗണ്ടുകൾ

സർക്കുലർ 58725/എഫ്.എം.3 2008/തസ്വഭവ/26.05.11 പ്രകാരം തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം . ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കാൻ പാടുള്ളതല്ല. എന്നാൽ നഗരസഭയിൽ സർക്കാർമാർഗനിർദ്ദേശത്തിന് വിരുദ്ധമായി തനതുഫണ്ട് സൂക്ഷിക്കാൻ രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു.

കാനറാബാങ്കിലെ 1099101005995 നമ്പർ അക്കൗണ്ടിലും എസ്.ബി.ടി യിലെ 57029294304 നമ്പർ അക്കൗണ്ടിലും തനതുഫണ്ട് നിക്ഷേപിക്കുന്നുണ്ട്. എസ്.ബി.ടി 57029294304 അക്കൗണ്ട് IHSDP അക്കൗണ്ടായി തുടങ്ങിയതാണ്. നിലവിൽ IHSDP ഫണ്ടിനായി കാനറാബാങ്കിൽ മറ്റൊരു അക്കൗണ്ട് ഉണ്ടെങ്കിലും തനതുഫണ്ട് സൂക്ഷിക്കുന്ന എസ്.ബി.ടി യിലെ 57029294304 നമ്പർ അക്കൗണ്ടിന്റെ പേര് IHSDP അക്കൗണ്ട് എന്നുതന്നെയാണ്. സർക്കാർമാർഗനിർദ്ദേശത്തിന് വിരുദ്ധമായി നിലനിർത്തിയിരിക്കുന്ന രണ്ട് അക്കൗണ്ടുകളിൽ ഏതെങ്കിലും ഒരെണ്ണം ക്ലോസ്സ് ചെയ്ത് തനതുഫണ്ട് ഒരു അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്.

## 2-5 30 സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയിട്ടില്ല-നഷ്ടം 68750/-രൂപ

നഗരസഭയുടെ പരിധിയിൽ വരുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽനികുതി ഒടുക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയുള്ള തൊഴിൽനികുതി പിഴപലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | തുക |
|---|---|---|---|
| 1 | മിനി മുത്തൂറ്റ് ബാങ്ക് | I &II | 2500 |
| 2 | ഓറിയന്റൽ ഇൻഷ്വറൻസ് ആന്റ് കമ്പനി | I &II | 2500 |
| 3 | കെ.തോമസ്,സന്തോഷ് ഫിനാൻസിയേഴ്സ് | I &II | 2500 |
| 4 | സിൻഡിക്കേറ്റ് ബാങ്ക്,പുനലൂർ ബ്രാഞ്ച് | I &II | 2500 |
| 5 | സിൻഡിക്കേറ്റ് ബാങ്ക്,തൊളിക്കോട് ബ്രാഞ്ച് | I &II | 2500 |
| 6 | വിജയകൃഷ്ണ ബാങ്ക് | I &II | 2500 |
| 7 | UAE എക്സ്ചേഞ്ച് ആന്റ് ഫിനാൻഷ്യൽ സർവീസ് | I &II | 2500 |
| 8 | മണപ്പുറം ഫിനാൻസ് | I &II | 2500 |
| 9 | മുളമൂട്ടിൽ കൺസ്യൂമേഴ്സ് ക്രെഡിറ്റ് ലിമിറ്റഡ് | I &II | 2500 |
| 10 | ഫെഡറൽ ബാങ്ക് | I &II | 2500 |
| 11 | ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ് | I &II | 2500 |
| 12 | കച്ചേരി ചിറ്റ്സ് ആന്റ് ഫിനാൻസ് | I &II | 2500 |
| 13 | അപരാജിത ഡൈനാമിക് സ്റ്റേർജീസ് പ്രൈവറ്റ് ലിമിറ്റഡ് | I &II | 2500 |
| 14 | റിലയൻസ് ലൈഫ് ഇൻഷ്വറൻസ് | I &II | 2500 |
| 15 | ഭാരത് ഐ.ടി.സി | I &II | 2500 |
| 16 | വെയ്സ്മാൻ ഫോറിൻ എക്സ്ചേഞ്ച് | I &II | 2500 |
| 17 | എസ്സ്.ബി.ടി, പുനലൂർ മെയിൻ ബ്രാഞ്ച് | I &II | 2500 |
| 18 | കൊല്ലംജില്ലാസഹകരണ ബാങ്ക്,പുനലൂർ | I &II | 2500 |
| 19 | ഇൻഡസ് സിൻഡ് ബാങ്ക് | I &II | 2500 |
| 20 | പത്തനാപുരം കാർഷിക വികസനബാങ്ക് | I &II | 2500 |
| 21 | പുനലൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | I &II | 2500 |
| 22 | എൽ.ഐ.സി ഓഫ് ഇൻഡ്യ, പുനലൂർ | I &II | 2500 |
| 23 | മുത്തൂറ്റ് ഫിനാൻസ്,പുനലൂർ തൂക്കുപാലം ബ്രാഞ്ച് | I &II | 2500 |
| 24 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | I &II | 2500 |
| 25 | കെ.എസ്സ്.എഫ്.ഇ,പുനലൂർ II ബ്രാഞ്ച് | I &II | 2500 |

| | | | |
|---|---|---|---|
| 26 | ബിവറേജസ് കോർപ്പറേഷൻ | II | 1250 |
| 27 | കാത്തലിക് സിറിയൻ ബാങ്ക് | II | 1250 |
| 28 | ബിർലാ സൺലൈഫ് ഇൻഷുറൻസ് | II | 1250 |
| 29 | എച്ച്.ഡി.എഫ്.സി ബാങ്ക് | II | 1250 |
| 30 | കാനറാ ബാങ്ക് | I | 1250 |
| ആകെ | | | 68750 |

## 2-6 മുൻവർഷങ്ങളിൽ വാടകകുടിശ്ശിക വരുത്തിയവർക്കു തന്നെ കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നു-കുടിശ്ശിക വരവിനത്തിൽ നഷ്ടം-1131670/-രൂപ

മുൻവർഷങ്ങളിൽ ഭീമമായ തുക വാടക കുടിശ്ശിക വരുത്തിയ വാടകക്കാർക്ക് യാതൊരു നടപടിയും സ്വീകരിക്കാതെ അവർക്കുതന്നെ വീണ്ടും കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നു. ഇതിലൂടെ വരവിനത്തിൽ വൻനഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടായിരിക്കുന്നത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 1430794/-രൂപ വാടകയിനത്തിൽ കുടിശ്ശികയായി നിൽക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 2/11-01-17) കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന മറുപടിയാണ് ലഭിച്ചത്. 2007-08 വർഷം മുതൽ കുടിശ്ശിക വരുത്തിയവർ തന്നെ ഇപ്പോഴും കടമുറികൾ ഉപയോഗിക്കുന്നുണ്ട്. ഇവരുടെ മേൽ യാതൊരുനടപടിയും സ്വീകരിക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

കുടിശ്ശിക വരുത്തിയവരുടെ വിശദവിവരങ്ങൾ ചുവടെചേർക്കുന്നു

| ക്രമ നമ്പർ | പേരും മേൽവിലാസവും | കടമുറി നമ്പർ | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| 1 | ഷൗക്കത്ത് അലി,<br>മരുതമൺ വിളവീട്,<br>മാർക്കറ്റ് വാർഡ് | Stall No<br>D 38 | 2014-15<br>2015-16 | 6960<br>6624 |
| 2 | സത്യൻ,അമ്പിളി,വാളക്കോട് | 7th<br>staired room no 13 | 9/12-3/13<br>4/13-3/14<br>4/14-5/15<br>4/15-5/16 | 5250<br>9456<br>9936<br>10440 |
| 3 | കെ.ശശാങ്കൻ പ്രസിഡണ്ട്,<br>സിദ്ധനർ മഹാസഭ,<br>പത്തനാപുരം താലൂക്ക് യൂണിയൻ | 7th<br>staired | 5/13-3/14<br>4/14-3/15 | 10398<br>11916 |

| | | | | |
|---|---|---|---|---|
| | | Room no 14 | 5/15-3/16 | 12516 |
| 4 | രാജേന്ദ്രപ്രസാദ്,തുഷാരം,<br>പ്ലാച്ചേരി,പുനലൂർ | 7th<br>staired<br>Room no 15 | 5/10-3/15<br>4/15-3/16 | 48892<br>10440 |
| 5 | അബ്ദുൾ നാസിർ,<br>പള്ളിവടക്കതിൽ,<br>നടുക്കുന്നം,പത്തനാപുരം | 7th<br>staired<br>Room no 18 | 8/14-3/15<br>4/15-3/16 | 7944<br>12516 |
| 6 | കെ.സലിം,ചെക്കുവിള വീട്,<br>പുനലൂർ | 7th<br>staired<br>Room no 19 | 4/14-3/15<br>4/15-3/16 | 9456<br>9936 |
| 7 | റഷീദ്.എം.പി,<br>തെങ്ങുവിളയിൽ വീട്,<br>വാലക്കോട് | 7th<br>staired<br>Room no 22 | 1/2009-3/2015<br>4/15-3/16 | 107700<br>25020 |
| 8 | ഗ്രൂപ്പ് ലീഡർ, ടെക്നോശ്രീ,<br>പുനലൂർ | 7th<br>staired<br>Room no70 | 3/15<br>4/15-3/16 | 911<br>11484 |
| 9 | സജ്ഞയൻ,കുമാർനിലയം,<br>പകിടിക്കാവ്,ചെമ്മന്തൂർ | C-5B | 1/14-3/14<br>4/14-3/15<br>4/15-3/16 | 4332<br>18204<br>19116 |
| 10 | അബ്ദുൾ ഖാദർ,ഷീബാമൻസിൽ,<br>ചാലക്കോട്,പുനലൂർ | D7 | 1/16-3/16 | 2871 |
| 11 | മുഹമദ് അജ്മൽ,അപ്സര,<br>ചാലക്കോട് | ചെമ്മന്തൂർ E5 | 4/2007-3/2016 | 90570 |
| 12 | ഗോപാലകൃഷ്ണൻ,ആശ്രാമത്ത് | ചെമ്മന്തൂർE6 | 11/15-3/16 | 9555 |

| | | | | |
|---|---|---|---|---|
| | വീട്,കുതിരച്ചിറ,പുനലൂർ | | | |
| 13 | S.അജയകുമാർ,കുന്നത്ത് കൺസ്ട്രക്ഷൻസ്, കൊച്ചി | ചെമ്മന്തൂർ E10 | 7/13-3/15<br>4/15-3/16 | 28377<br>17388 |
| 14 | സജു.പി.എബ്രഹാം, പുന്നവിളയ്ക്കൽ ഹൗസ്, കുതിരച്ചിറ | ചെമ്മന്തൂർ E 11 | 8/13-3/15<br>4/15-3/16 | 25756<br>16548 |
| 15 | രഞ്ജിത്ത്, മുരളീസദനം, കുതിരച്ചിറ | ചെമ്മന്തൂർ E16 | 4/12-3/15<br>4/15-3/16 | 34865<br>12648 |
| 16 | രമണിക്കുട്ടി അമ്മ,ചിത്രാലയം,കുതിരച്ചിറ | ചെമ്മന്തൂർ E 19 | 1/16-3/16 | 2871 |
| 17 | മുഹമദ് റിയാസ്, റഫീക്ക്മൻസിൽ,പുനലൂർ | ചൗക്കഷോപ്പിംഗ് സെന്റർ | 2/16-3/16 | 3476 |
| 18 | രസവുമ്മ,മാസ്റ്റർ ക്വാട്ടേഴ്സ്, പുനലൂർ | ചൗക്കഷോപ്പിംഗ് സെന്റർ | 10/15-3/16 | 10428 |
| 20 | പ്രസാദ്.ബി,കൊച്ചയത്ത് വീട്,നേതാജിജംഗ്ഷൻ,ഉറുകുന്ന് | ചൗക്കഷോപ്പിംഗ് സെന്റർ Room no 24 | 1/15-3/15<br>4/15-3/16 | 6495<br>27288 |
| 21 | അനിൽകുമാർ,സെക്രട്ടറി, കേരളപ്രസ്സ് ക്ലബ് | ചൗക്കഷോപ്പിംഗ് സെന്റർ Room no 25 | 11/13-3/14<br>4/14-3/15<br>4/15-3/16 | 3750<br>9456<br>9936 |
| 22 | സുകുമാരൻ.കെ, പ്രസിഡണ്ട്, പുലയർ മഹാസഭ, പത്തനാപുരം താലൂക്ക് യൂണിയൻ | ചൗക്കഷോപ്പിംഗ് സെന്റർ Room no 27 | 6/11-3/14<br>4/14-3/15<br>4/15-3/16 | 25456<br>9936<br>10440 |
| 23 | E.K.ഷേർലി,ഈട്ടിവിള വീട്,ശാസ്താംകോണം | ചൗക്കഷോപ്പിംഗ് സെന്റർ Room no | 4/15-3/16 | 13920 |

| | | | | |
|---|---|---|---|---|
| | | 11 | | |
| 24 | അബ്ദുൾ കലാം,സെയ്ദ് മൻസിൽ,പകിടികാവ്,പുനലൂർ | ചൗക്കഷോപ്പിംഗ് സെന്റർ Room no 13 | 2/16-3/16 | 2608 |
| 25 | റിയാസ്,ചാരുവിളപുത്തൻവീട്, പുനലൂർ | ചൗക്കഷോപ്പിംഗ് സെന്റർ Room no 14 | 3/15<br>4/15-3/16 | 1242<br>15648 |
| 26 | T.R.സന്തോഷ് കുമാർ,ദേവിഭവൻ,ചെമ്മണ്ണൂർ | Old Pvt Bus Stand Room No154 | 2/15-3/15<br>4/15-3/16 | 12432<br>78325 |
| 27 | T.R.സന്തോഷ് കുമാർ,ദേവിഭവൻ,ചെമ്മണ്ണൂർ | Old Pvt Bus Stand First floor 21 | 1/14-3/15<br>4/15-3/16 | 13080<br>10992 |
| 28 | T.R.സന്തോഷ് കുമാർ,ദേവിഭവൻ,ചെമ്മണ്ണൂർ | Old Pvt Bus Stand First floor 22 | 1/14-3/15<br>4/15-3/16 | 13080<br>10992 |
| 29 | റോഷ്നി ചാക്കോ,വേങ്ങവിളഹൗസ്, നെല്ലിപ്പള്ളി,പുനലൂർ | Old Pvt Bus Stand First floor 28 | 1/16-3/16 | 7323 |
| 30 | ശ്രീകുമാരി,കൃഷ്ണാഹൗസ്,പുനലൂർ | Old Pvt Bus Stand First floor 33 | 8/15-3/16 | 21160 |
| 31 | പീരുമുഹമദ്,ചരുവിളപുത്തൻവീട്, കോമളംകുന്ന് | Old Pvt Bus Stand First floor 35 | 10/15-3/16 | 13350 |
| 32 | A.അനീഷ്,ഷാജഹാൻ മൻസിൽ, കലയനാട് | കലയനാട് മാർക്കറ്റ് A2 | 1/13-3/15<br>4/15-3/16 | 21642<br>10428 |
| 33 | ശ്യാംകുമാർ,സുശീലഭവൻ,നെട്ടയം | കലയനാട് | 4/15-3/16 | 6960 |

| | | | | |
|---|---|---|---|---|
| | | മാർക്കറ്റ് A9 | | |
| 34 | ലേഖ.വി, എള്ളുവിള വീട്, ഐക്കരകോണം | കലയനാട് മാർക്കറ്റ് B2 | 1/13-3/15<br>4/15-3/16 | 14349<br>6960 |
| 35 | R.ജയനാഥൻ, വാഴവിളതെക്കതിൽ, മണിയാർ | മണിയാർ മാർക്കറ്റ് Room no 1 | 11/2010-3/15<br>4/15-3/16 | 25624<br>6960 |
| 36 | D.ദിനേശൻ,ഈട്ടിവിളവീട്, ഗ്രേസിംഗ് ബ്ലോക്ക് | Rest House Buiding RH 13,FF 2 | 11/15-3/16 | 4350 |
| 37 | വസന്തരാജൻ,ശിവശക്തി, ഐക്കരകോണം | Shopping complex in front of PMC,Room no7 | 12/15-3/16 | 6952 |
| 38 | മധു.എം,മരുതമൺവീട്, ഭരണിക്കാവ്, പുനലൂർ | Shopping complex in front of PMC<br>room no 5 | 9/13-3/15<br>4/15-3/16 | 39200<br>26460 |
| 39 | ജീനജിജിജോസഫ്, വടക്കേക്കര ഹൗസ്, മരുതമൺകാല | Shopping complex in front of PMC<br>room no 8 | 1/16-3/16 | 4554 |
| 40 | മുഹമദ്ഷെഫീക്ക്,ആരാമം, മുസാവരിക്കുന്ന്,പുനലൂർ | GHSS Shoppingcomplex RoomNo | 3/16 | 1738 |
| 41 | പുരുഷോത്തമകുറുപ്പ്<br>കരിക്കത്തിൽവീട്, അഷ്ടമംഗലം, | വെട്ടിപ്പുഴ Room No4 | 2/16-3/16 | 3476 |

| | | | | |
|---|---|---|---|---|
| | മണിയാർ | | | |
| 42 | Y.സലിം, പുളിമൂട്ടിൽപുത്തൻവീട്, ഭരണിക്കാവ് | വെട്ടിപ്പുഴ Room No8 | 4/15-3/16 | 10440 |
| 43 | N.സാബുമോൻ,കുരുമ്പേലിൽ കിഴക്കതിൽ,ഭരണിക്കാവ് | വെട്ടിപ്പുഴ Room No 9 | 6/14-3/15<br>4/15-3/16 | 8280<br>10440 |
| 44 | രാജപ്പൻ.കെ.വി & രാജേഷ്കുമാർ,പയ്യംകുന്ന്, പുനലൂർ | വെട്ടിപ്പുഴ Room No12 | 10/15-3/16 | 5220 |
| ആകെ | | | | 1131670 |

ടി വ്യക്തികളിൽ നിന്നും കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കുടിശ്ശിക ഒടുക്കാത്തവരുടെ മേൽ റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുകയും കടമുറികൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആരംപുന്ന പാറയിൽ റോഡിന്റെ പുനരുദ്ധാരണം-ഫൈൻ ഈടാക്കിയില്ല-41667/-രൂപയുടെ നഷ്ടം

പ്രോജക്ട് നം-0285/15(62/16)

അടങ്കൽ തുക-15,00,000/-രൂപ

ഫയൽ നം-F3/16257/14

കരാറുകാരൻ-കെ.ശിവൻപിള്ള

എഗ്രിമെന്റ് നം-132/14-15/06-02-15

ടി വർക്കിന്റെ ആകെ മൂല്യം 13,78,025/-രൂപയാണ്. ആയതിൽ നിന്നും ബിറ്റുമിൻ വില -359186/-രൂപ,വാറ്റ്-55121/-രൂപ,ആദായനികുതി-13718/-രൂപ, നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം-13718/-രൂപ, ബാരൽ വില-13780/-രൂപ എന്നിവ കിഴിച്ച് 9,22,502/-രൂപ ബിൽ നം 65/15-16 തീയതി 30-09-15 അനുസരിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്.

ടി വർക്കിന്റെ കരാർ അനുസരിച്ച് 45 ദിവസത്തെ കാലാവധിയാണ് പണി പൂർത്തീകരിക്കുന്നതിനായി കരാറുകാരന് നൽകിയിരിക്കുന്നത്. 20% ഗ്രേയ്സ് പീരിഡ്

ഉൾപ്പെടെ പരമാവധി അനുവദിക്കാവുന്ന സമയപരിധി എഗ്രിമെന്റ് തീയതിയായ 06-02-2015 മുതൽ 03-04-2015 വരെയാണ്. എന്നാൽ ടി വർക്കിന്റെ അളവ് പുസ്തകം, ഫൈനൽ വർക്ക് ബിൽ എന്നിവ അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 23-09-15നാണ്. 04-04-15 മുതൽ 23-09-15 വരെയുള്ള കാലയളവിലേയ്ക്ക് ജി.ഒ(പി)84/97/PW&T/19-08-97 ഉത്തരവ് അനുസരിച്ചുള്ള ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് 04-04-15മുതൽ 03-07-15 വരെ PAC തുകയായ 15,00,000/-രൂപയുടെ ഒരു ശതമാനമായ 15,000/-രൂപയും 04-07-15 മുതൽ 23-09-15 വരെയുള്ള 82 ദിവസത്തേയ്ക്ക് പി.എ.സി തുകയായ 15,00,000/- രൂപയുടെ 2ശതമാനത്തിന്റെ ആനുപാതിക തുകയായ 27333/-രൂപയും ഈടാക്കേണ്ടതായിരുന്നു. കരാറുകാരൻ സമയപരിധി നീട്ടി നൽകണമെന്നപേക്ഷിച്ചുകൊണ്ട് കത്ത് നൽകിയെങ്കിലും ടിയാന് കൗൺസിൽ ഫൈൻ ഒഴിവാക്കി നൽകിയിട്ടില്ലാത്തതിനാൽ 42333/- രൂപ ഫൈൻ ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക കരാറുകാരനിൽ നിന്നോ ഫൈൻ തുക ഈടാക്കാതിരുന്ന മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/15-16-13-01-2017)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 പത്തുപറ- പനന്തരകോളനി റോഡ് ഉദ്ധാരണം -മെറ്റലിംഗിൻെറ ഭാഗമായുള്ള മണ്ണ് അധിക അളവിൽ സ്റ്റാക്കിംഗ് നടത്തി, ഫൈൻ ഈടാക്കിയതിൽ കുറവ്- 23759/-രൂപയുടെ നഷ്ടം.

പ്രോജക്ട് നമ്പർ so 300/15 ( 48/16), അടങ്കൽ തുക 14,00,000/രൂപ, കരാറുകാരൻ . നടരാജൻ ആചാരി-എഗ്രിമെന്റ് ന. 229/ 14-15/27-03-2015, File No-E2-16703/14, M book No. 146/14-15.

(എ) ടി വർക്കിൻെറ ഇനം 6 ആയുള്ള "supplying& staking good earth for blinding " എന്ന ഇനം താഴെ പറയുന്ന അളവ് കണക്കാക്കി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി പേയ്മെന്റ് നൽകിയിട്ടുണ്ട്. റോഡ് ടാറിംഗിൻെറ ഭാഗമായുള്ള ഫസ്റ്റ് മെറ്റലിംഗിന് 10m2 ന് .020m3 good earth മതിയാകും.

അനുവദിച്ച് നൽകിയ അളവ് അനുവദനീയമായ അളവ്

300 x 3 x.035 = 31.5m3 300 x 3 x.020= 18m3

250 x3 x.015 =11.25m3 250x 3 x015 =11.25m3

Total 42.75m3 a 29.25m3

അധികം അനുവദിച്ച 13.5m3 (42 . 75m3 – 29.25m3) മണ്ണിന് ഒരു m3 ന് 447/രൂപ നിരക്കിൽ 6035/രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ടെണ്ടർ ഡിഡക്ഷൻ 17.67% കുറവ് ചെയ്തുള്ള 4969/രൂപ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) ഫൈൻ ഈടാക്കിയതിൽ കുറവ്.

ടി വർക്കിൻെറ എഗ്രിമെന്റ് വ്യവസ്ഥയനുസരിച്ച് കരാർ തീയതി (27-03-2015) മുതൽ മൂന്ന് മാസകാലാവധിയാണ് കരാറുകാരന് നൽകിയിട്ടുള്ളത്, ആയതിൻെറ 20% കാലാവധികൂടി അനുവദിച്ചാൽ കൂടി ടി വർക്ക് 15–07-2015ന്പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ എം ബുക്ക്, ഫൈനൽ വർക്ക് ബില്ല് എന്നിവയനുസരിച്ച് വർക്ക് പൂർത്തീകരിച്ചത് 19-12–2015നാണ്. 15–07-2015 മുതൽ 19-12--2015 വരെയുള്ള കാലയളവിലേയ്ക്ക് G.O.(P) 84/97/PW&T/19-08-1997 ഉത്തരവ് അനുസരിച്ചുള്ള ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്, ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി. എ .സി തുകയുടെ ഒരു ശതമാനവും തുടർന്നുള്ള ഒരോ മൂന്ന് മാസത്തേയ്ക്കും പി.എ.സി തുകയുടെ രണ്ട് ശതമാനം വീതവും ഈടാക്കേണ്ടതാണ്. ആയതിൻെറ അടിസ്ഥാനത്തിൽ ടി വർക്കിൻെറ എസ്റ്റിമേറ്റ് തുകയായ 14,00,000/രൂപയുടെ 17.67% ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തുള്ള 1152620/രൂപയുടെ ഒരു ശതമാനം തുക ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക്(15 07- 2015 മുതൽ 14 10 -2015 വരെയുള്ള കാലയളവിലേയ്ക്ക് )11526/രൂപയും, 15-10-2015 മുതൽ 18-12-2015 വരെയുള്ള 65 ദിവസത്തേയ്ക്ക് പി.എ.സി തുകയായ 1152620/രൂപയുടെ രണ്ട് ശതമാനത്തിൻെറ മൂന്ന് മാസത്തേയ്ക്കുള്ള ആനുപാതികതുകയായ 16,649/രൂപയും ഉൾപ്പെടെ 28,175/രൂപ കരാറുകാരനിൽ നിന്നും ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു, എന്നാൽ 9385/രൂപ മാത്രമേ ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുള്ളൂ. ബാലൻസുള്ള 18,790/രൂപ (28175 – 9385) കൂടി കരാറുകാരനിൽ ഈടാക്കി നഗരസഭ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. കരാറുകാരൻ പിഴ ഒഴിവാക്കിത്തരണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും, ടിയാൻെറ അപേക്ഷ പരിഗണിച്ച് നഗരസഭ കൗൺസിൽ പിഴ ഒവിവാക്കി നൽകിയിട്ടില്ല. മേൽപറഞ്ഞ രണ്ട് ഖണ്ഡികകളിലുമായി ആകെ 23,759/-രൂപ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നഗരസഭ എഞ്ചിനീയറിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

ടി വർക്കിൻെറ ആകെ മൂല്യത്തിൽ നിന്നും താഴെ സൂചിപ്പിക്കുന്ന കുറവുകൾ വരുത്തി കരാറുകാരന് ഫൈനൽ പേയ്മെൻെറ് നൽകിയിട്ടുണ്ട്.

ആകെ മൂല്യം 10,94,519.60

കുറയ്ക്കുക -- ടാറിൻെറ വില 2,11,544.48

-----------------------

8,82,975.12

കുറയ്ക്കുക -- ടെണ്ടർ ഡിഡക്ഷൻ-17.67% -7,26,953.42

പാർട്ട് ബിൽ 5,30,583.10

---------------------------------

1 , 96, 370. 32

കൂട്ടുക -ടാറിൻെറ വില 2, 1 1 , 544.48

---------------------------------------

4 , 07, 914.80

കുറയ്ക്കുക – ടാറിൻെറ വില 2,11,544.48

വാറ്റ് 16,317/-രൂപ

വെ.ഫണ്ട് 4,079/-രൂപ

ഐ. ടി 4,079/-രൂപ ആകെ 2,36, 019. 48.

------------------------------

1,71,895.32/രൂപ ടി തുക ബിൽ നം. 213/2015-16/d dated 11 03 -2016 അനുസരിച്ച് മാറി കരാറുകാരന് നൽകിയിട്ടുണ്ട്.

## 3-3 അലിയാട്ടുകുന്ന്- സ്നേഹതീരം റോഡ് രണ്ടാം മെറ്റലിംഗം - ടാറിംഗം കരാർവ്യവസ്ഥയനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല- 6218/-രൂപയുടെ നഷ്ടം-

പ്രോജക്ട് നം. 199/15(45/16),File No. E3- 16607/2014, അടങ്കൽ തുക- 2,73,000/രൂപ,കരാറുകാരൻ. സുരേന്ദ്രൻപിള്ള-.1% ടെണ്ടർ കുറവ്, എഗ്രിമെന്റ് നം. 218/14-15 / 09-03-2015, M book No. 140/15-16.

വർക്കിൻെറ എഗ്രിമെന്റ് വ്യവസ്ഥയനുസരിച്ച് , വർക്കിൻെറ പൂർത്തീകരണ കാലാവധി എഗ്രിമെൻെറ് തിയതിയായ 09 -03–2015 മുതൽ 20 ദിവസമാണ്. എന്നാൽ വർക്ക് ബില്ല്, എം. ബുക്ക് എന്നിവയനുസരിച്ച് ടി വർക്ക് പൂർത്തീകരിച്ചത് 29-12–2015-നാണ്. പരമാവധി മൂന്ന് മാസം കാലാവധി അനുവദിച്ചാൽ പോലും ടി വർക്ക് 08-06-2015 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 08-06-2015 മുതൽ 29-12-2015 വരെയുള്ള കാലയളവിലേയ്ക്ക് G.O (P) 84/97/PW&T/ 19-08-1997 ഉത്തരവ് അനുസരിച്ചുള്ള ഫൈൻ അദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയുടെ ഒരു ശതമാനവും, തുടർന്നുള്ള ഒരോ മൂന്ന് മാസത്തേയ്ക്കും പി. എ. സി തുകയുടെ രണ്ട് ശതമാനവും കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിലയ്ക്ക് മുതൽ കൂട്ടേണ്ടതായിരുന്നു. എന്നാൽ ആയതിന് പകരം കരാറുകാരനിൽ നിന്നും ചെയ്ത വർക്കിൻെറ ആകെ മൂല്യത്തിൻെറ ഒരു ശതമാനം തുകയായ 2518/രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഈടാക്കേണ്ട ഫൈനിൻെറ വിശദ വിവരം താഴെ കൊടുക്കുന്നു.
ടി വർക്കിൻെറ പി. എ. സി. തുക 2,51,978/ രൂപയാണ്. 09 -06 -2015 മുതൽ 08 -09-2015 വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി.എ. സി. തുകയായ 2,51,978/ രൂപയുടെ ഒരു ശതമാനമായ 2520/ രൂപയും, 09-09-2015 മുതൽ 08-12-2015 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് പി.എ.സി. തുകയായ 2,51,978/ രൂപയുടെ രണ്ട് ശതമാനമായ 5040/ രൂപയും, 09-12-2015 മുതൽ 29 -12 -2015 വരെയുള്ള 21 ദിവസത്തേയ്ക്ക് പി.എ.സി തുകയായ 2,51,978/ രൂപയുടെ രണ്ട് ശതമാനം നിരക്കിൻെറ ആനുപാതിക തുകയായ 1176/ രൂപയും ഉൾപ്പെടെ ആകെ 8736/ രൂപ (2520+5040+1176) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയതിന് പകരം 2518/ രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത് . ബാലൻസ് തുക 6218/രൂപ (8736 – 2518) കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നഗരസഭ എഞ്ചിനീയറിൽ നിന്നോ ഈടാക്കി

നഗരസഭ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

### 3-4 <u>അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല-നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.</u>

കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 99പ്രകാരം താത്കാലിക അഡ്വാൻസ് കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം.നിശ്ചിത സമയത്തിനുള്ളിൽ തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴവൻ തുകയും അടിയന്തിരമായി തിരിച്ച് പിടിക്കേണ്ടതും തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ 18% നിരക്കിൽ പലിശ ഈടാക്കണമെന്നും 4/10/11ലെ GO(P)419/2011/FIN പ്രകാരം ഉത്തരവായിട്ടുണ്ട്.ചുവടെ പറയുന്ന അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | അഡ്വാൻസിന്റെ ആവശ്യകത | തുക | വൗച്ചർ നം |
|---|---|---|---|
| പുഷ്പകുമാർ ജെ.എച്ച്.ഐ-I | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് പ്രവൃത്തി നടപ്പിലാക്കുന്നതിന് | 60000/- | 83/4-15 |
| പുഷ്പകുമാർ ജെ.എച്ച്.ഐ-I | കാരയ്ക്കാട് വാർഡിലെ അങ്കണവാടി ഉദ്ഘാടന ചെലവിലേയ്ക്ക് നൽകിയത് | 35000/- | 99/8-15 |
| പുഷ്പകുമാർ ജെ.എച്ച്.ഐ-I | ശാസ്താംകോണം ലൈബ്രറിയുടെ ഉദ്ഘാടനചെലവ് | 25000/- | 104/8-15 |
| പുഷ്പകുമാർ ജെ.എച്ച്.ഐ-I | പ്രീ മൺസൂൺ സാനിട്ടേഷൻ പ്രവൃത്തിക്കായി നൽകിയത് | 70000/- | 61/9-15 |
| ആർ.രാജീവ് ജെ.എച്ച്.ഐ-II | പ്രീ മൺസൂൺ സാനിട്ടേഷൻ പ്രവൃത്തിക്കായി നൽകിയത് | 70000/- | 63/9-15 |
| പുഷ്പകുമാർ ജെ.എച്ച്.ഐ-I | കല്ലുംകുംമൂകൾ വാർഡിലെ കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനചെലവ് | 40000/- | 64/9-15 |
| ആർ.രാജീവ് ജെ.എച്ച്.ഐ-II | കോളേജ് വാർഡിലെ വിവിധ ഉദ്ഘാടനചെലവുകൾ | 40000/- | 65/9-15 |
| ബിനിൽകുമാർ പി.ഡബ്ള്യു.ഒ-I | വയോമിത്രം ക്യൂബിക്കിൾ ഫർണിഷിംഗ് | 45000/- | 59/122-15 |

മുൻകൂർ വാങ്ങിയ തുകയുടെ ചെലവ് രേഖകൾ സമയബന്ധിതമായി ഹാജരാക്കി തുകകൾ ക്രമീകരിച്ചിട്ടില്ലാത്ത ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവിനനുസൃതമായിട്ടുള്ള പലിശസഹിതം തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-5 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല-പെൻഷൻ വിതരണം ക്രമപ്രകാരമല്ല

നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുകയോ നഗരസഭയ്ക്ക് നഗരകാര്യഡയറക്ടറിൽ നിന്നും പെൻഷൻവിഹിതം ലഭിക്കുകയോ ചെയ്യുന്നില്ല. റഗുലർ, കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ആവശ്യത്തിനായുള്ള തുക തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്.

നഗരസഭയിലെ സ്ഥിരം, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുകകൾ ഒടുക്കു വരുത്തിയിരിക്കുന്നത് 2007-08 കാലയളവ് വരെ മാത്രമാണ്. 2008-09 മുതൽ നാളിതുവരെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുകകൾ നഗരസഭ ഒടുക്കുവരുത്തിയിട്ടില്ല. ഒടുക്കുവാൻ അവശേഷിക്കുന്ന പെൻഷൻ കോൺട്രിബ്യൂഷൻ തുകകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2008-09 | 1086905 |
| 2009-10 | 1166650 |
| 2010-11 | 1316509 |
| 2011-12 | 1391769 |
| 2012-13 | 1506520 |
| 2013-14 | 1743145 |
| 2014-15 | 1723670 |
| 2015-16 | 2627844 |
| ആകെ | 12563012 |

പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്ക് വരുത്തി പെൻഷൻ തുക വിതരണം ക്രമപ്രകാരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പോസ്റ്റ് ഷിഫ്റ്റിംഗ്-കെ.എസ്.ഇ.ബിയിൽ നിന്നുള്ള വിനിയോഗവിശദാംശം ഇല്ല

നഗരസഭയിലെ വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിനും വൈദ്യുതീകരിക്കുന്നതിനുമായി ചുവടെ പറയും പ്രകാരം തുകകൾ കെ.എസ്.ഇ.ബിയിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയുടേയും വിനിയോഗവിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഒടുക്കിയ തുക | തുക ഒടുക്കിയതിന്റെ | വൗച്ചർ നം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | വിവരം | |
| 1 | ചെമ്മണ്ണൂർ നെഹ്റുറോഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 9288 | കെ.എസ്.ഇ.ബി പുനലൂർ | 101/5-15 |
| 2 | ചെമ്മണ്ണൂർ,കോളേജ്,കോമളംകുന്ന് വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 12882 | കെ.എസ്.ഇ.ബി പുനലൂർ | 101/5-15 |
| 3 | മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷൻ-വൈദ്യുതീകരണം | 49500 | പി.ഡബ്ളയു.ഡി ബിൽഡിംഗ്സ് ഡിവിഷൻ,കൊല്ലം | 123/5-15 |
| 4 | കാഞ്ഞിരമല -നിരപ്പേൽ റോഡ് വീതി കൂട്ടുന്നതിനായി പോസ്റ്റ് ഷിഫ്റ്റിംഗ് | 25733 | കെ.എസ്.ഇ.ബി പുനലൂർ | 58/9-15 |
| 5 | തുമ്പോട് വാർഡിൽ മരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റുന്നതിന് | 11248 | കെ.എസ്.ഇ.ബി പുനലൂർ | 80/12-15 |
| 6 | കല്ലുംങ്കുമുകൾ,കോമളംകുന്ന്,ചെമ്മണ്ണൂർ വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 25083 | കെ.എസ്.ഇ.ബി പുനലൂർ | 24/01-16 |
| ആകെ | | 133734 | | |

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗവിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം15/16-01-17)മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ തനത്ഫണ്ടിൽ നിന്നും നടത്തിയ മേൽ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും കെ.എസ്.ഇ.ബി യിലും മറ്റ് സ്ഥാപനങ്ങളിലും ഒടുക്കിയ തുകകളുടെ വിനിയോഗവിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-7 <u>വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല,ക്വട്ടേഷൻ നടപടികൾക്ക് സുതാര്യതയില്ല.</u>

ജി.ഒ(എം.എസ്സ്)170/07-ത.സ്വ.ഭ.വ/30-06-07 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടേയും അറ്റകുറ്റപണിയുടെ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ അഥവാ സെക്രട്ടറിക്കോ അദ്ദേഹം നിയമാനുസൃതം ചുമതലപ്പെടുത്തുന്ന എഞ്ചിനീയർക്കോ ആണ്. ഡ്രൈവർ ഏതെങ്കിലും വാഹനത്തിന് അറ്റകുറ്റപ്പണിയോ അടിയന്തിരമായി റിപ്പയറോ ആവശ്യമാണെന്ന് കരുതുന്ന പക്ഷം അത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട കസ്റ്റോഡിയൻ ഓഫീസർക്കോ ബന്ധപ്പെട്ട എഞ്ചിനീയർ മുഖാന്തിരമോ നൽകേണ്ടതാണ്. വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് പി.ഡബ്ല്യ.ഡി മെക്കനിക്കൽ ഡിവിഷൻ എഞ്ചിനീയർ മുഖാന്തിരം കണക്കാക്കേണ്ടതും 10000/-രൂപയ്ക്ക്

മുകളിൽ വരുന്ന എല്ലാ ചെലവുകളും കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യേണ്ടതാണ്. എന്നാൽ മേൽ നിർദ്ദേശത്തിനു വിരുദ്ധമായി മുനിസിപ്പാലിറ്റിയിലെ വിവിധ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | ചെലവിനം | തുക | ചെക്ക് നം-തീയതി |
|---|---|---|---|---|
| 1 | 89/12-15 | KL-25B 1766 മഹീന്ദ്രാ ജീപ്പിന്റെ അറ്റകുറ്റപ്പണികൾ | 38970 | 817075/31-12-15 |
| 2 | 19/03-16 | Kl-25B 446 വാട്ടർടാങ്കർ ലോറിയുടെ അറ്റകുറ്റപ്പണികൾ | 47000 | 817345/3-03-16 |
| 3 | 31/08-15 | KL-25B-355 ടിപ്പർ ലോറിയുടെ അറ്റകുറ്റപ്പണികൾ | 10640 | 815118/05-08-15 |
| 4 | 92/6-15 | KL-2M3259 ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾ | 18610 | 815438/12-06-15 |
| 5 | 118/7-15 | KL 25A-8135 മിനി ടിപ്പർ ലോറി മെയിന്റനൻസ് | 49280 | 815489/15-07-1൹5 |
| ആകെ | | | 164500 | |

മേൽ പറഞ്ഞ അറ്റകുറ്റപ്പണികൾ ഒന്നിലും സർക്കാർ ഉത്തരവിൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)വാഹനങ്ങളുടെ ഡ്രൈവർമാർ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്ന് സംബന്ധിച്ച റിപ്പോർട്ടുകൾ കസ്റ്റോഡിയൻ ഓഫീസർക്ക് നൽകിയിട്ടില്ല.

2)അറ്റകുറ്റപ്പണികൾക്ക് പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കണക്കാക്കിയിരിക്കുന്നത് ക്വട്ടേഷനിൽ പങ്കെടുത്തുത്തതും വർക്ക് ഓർഡർ ലഭിച്ചിട്ടുള്ളതുമായ ഹരി മോട്ടോർ വർക്സ് എന്ന സർക്കാർ അംഗീകൃത വർക്കഷോപ്പാണ്. ടി നടപടി സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

3)മേൽ സ്ഥാപനത്തിന്റെ ലെറ്റർപാഡിൽ തയ്യാറാക്കിയ എസ്റ്റിമേറ്റും ക്വട്ടേഷനും മറ്റ് രണ്ട് സ്ഥാപനങ്ങളുടെ ക്വട്ടേഷനുകളും ഫയലിൽ ഉണ്ടെന്നല്ലാതെ പണികളുടെ വിശദാംശം രേഖപ്പെടുത്തി വിശദമായ ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച എല്ലാ അറ്റകുറ്റപ്പണികളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ക്വട്ടേഷനുകൾ ലഭിച്ചിട്ടുള്ളതും ഹരി മോട്ടോർ വർക്സ് എന്ന സ്ഥാപനത്തിനാണ്. ഇതിൽ നിന്ന് തന്നെ മുനിസിപ്പാലിറ്റി അധികൃതർ മേൽ പ്രവൃത്തികൾ സുതാര്യമായല്ല നടത്തുന്നത് എന്ന് വ്യക്തമാണ്. ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്ന പണികളുടെ വ്യാപ്തി-തുക

എന്നിവ കൃത്യമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.സർക്കാർ ഉത്തരവിനു വിരുദ്ധമായി നടത്തിയ മേൽ പ്രവൃത്തികൾക്ക് ചെലവഴിച്ച 164500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടുള്ള ഇത്തരം ചെലവുകൾ കസ്റ്റോഡിയൻ ഓഫീസറുടെ ബാദ്ധ്യതായി കണക്കാക്കുന്നതായിരിക്കും എന്നറിയിക്കുന്നു.

**3-8** എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചതിനുള്ള പിഴ ഈടാക്കിയതിൽ കുറവ്- നിരാകരിക്കുന്ന തുക- **14476/-** രൂ.

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ, ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും, എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചതിനുള്ള പിഴ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു. 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഓ.(പി)നം.13/2012/PWD/1.2.2012) ഖണ്ഡിക 2009.6 പ്രകാരം, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടിസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വച്ചില്ലെങ്കിൽ PACയുടെ 1% പിഴ ഈടാക്കി (മിനിമം-1000/-രൂ, മാക്സിമം-25000/-രൂ)കരാറുടമ്പടി വയ്ക്കാം. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMD കണ്ടുകെട്ടി, ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുക്കാമോയെന്ന് നെഗോഷിയേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീ-ടെണ്ടർ ചെയ്യണം. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ പിഴയോടുകൂടിയ കാലാവധിയും കഴിഞ്ഞാണ് എഗ്രിമെന്റ് വച്ചിരിക്കുന്നത്. ആയതിനാൽ കരാറുകൾ റദ്ദാക്കേണ്ടതായിരുന്നു. എന്നിരുന്നാലും പ്രവൃത്തികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ PAC യുടെ 1% പിഴ ഈടാക്കാമായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)പ്രോജക്ട് നം. SO-275/16-പത്തേക്കർ വാർഡിൽ തെങ്ങുവിള-ചൂള-പത്തേക്കർ റോഡ് കോൺക്രീറ്റിംഗും സംരക്ഷണഭിത്തിയും

നിർവഹണം- മുനിസിപ്പൽ എഞ്ചിനീയർ.

അടങ്കൽ തുക-1514000/-
(മെയിന്റനൻസ് ഗ്രാന്റ്-1064000/-+വികസനഫണ്ട്-സി.എഫ്.സി-450000/-)

കരാറുകാരൻ- ശിവൻപിള്ള.കെ (21% കുറവ്)

എഗ്രി. നം/തീ-258/15-16/4.3.2016

എം. ബുക്ക് നം.223/15-16

ഫയൽ നം. E1-15236/15

ആകെ പ്രവൃത്തിമൂല്യം- 1485375.68

(-) ടെണ്ടർ കുറവ് 21% - 311928.89

----------------

1173447 (ബിൽ നം.274/15-16/31.3.16- 723447/-

ബിൽ നം.275/15-16/31.3.16- 450000/-)

(-) വാറ്റ് 4%- 46938

WF 1%- 11734

IT 1%- 11734 70406

--------------

1103041

(-) എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചതിനുള്ള

പിഴ- 1000

കരാറുകാരന് നൽകിയത് 1102041 /-രൂ.

പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരന് സെലക്ഷൻ നോട്ടിസ് അയച്ച തീയതി 23.1.2016 ആണ്. 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഓ.(പി) നം.13/2012 /PWD/1.2.2012) ഖണ്ഡിക 2009.6 പ്രകാരമുള്ള നിയമാനുസൃത കാലാവധിക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കാത്തപക്ഷം PAC യുടെ 1% തുകയാണ് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടത്. എസ്റ്റിമേറ്റ്, ടെണ്ടർ പട്ടിക എന്നിവ പരിശോധിച്ചതിൽ, പ്രസ്തുത പ്രവൃത്തിയുടെ PAC തുക 1195667/- രൂപയാണെന്നു കാണുന്നു. ഇതനുസരിച്ച് കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴ 11957/- രൂപയാണ്. എന്നാൽ 1000/- രൂപ മാത്രമാണ് പിഴ ഇനത്തിൽ ഈടാക്കിയത്. കുറവായി ഈടാക്കിയ 10957/- രൂ. (11957-1000=10957/-) ഓഡിറ്റിൽ നിരാകരിക്കുന്നു.

(ബി)പ്രോജക്ട് നം. SO-323/16-ഗവ.ഹയർ സെക്കന്ററി സ്കൂളിന് റൂഫിംഗ്.

നിർവഹണം- മുനിസിപ്പൽ എഞ്ചിനീയർ.

അടങ്കൽ തുക-830000/- (മെയിന്റനൻസ് ഗ്രാന്റ്)

കരാറുകാരൻ- മോഹനൻ നായർ.ജി. (15.2% കുറവ്)

എഗ്രി. നം/തീ-253/15-16/4.3.2016

എം. ബുക്ക് നം.141/15-16

ഫയൽ നം. E1-15183/15

ആകെ പ്രവൃത്തിമൂല്യം- 829855.11

(-) ടെണ്ടർ കുറവ് 15.2% - 126137.97

703717/- (ബിൽ നം.280/15-16/31.3.16)

(-) വാറ്റ് 4%- 28149

WF 1%- 7037

IT 1%- 7037 42223

--------------

661494

(-) എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചതിനുള്ള

പിഴ 3519

രാറുകാരന് നൽകിയത് 657975 /-രൂ.

പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരന് സെലക്ഷൻ നോട്ടിസ് അയച്ച തീയതി 11.11.2015 ആണ്. 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഓ.(പി) നം.13/2012 /PWD/1.2.2012) ഖണ്ഡിക 2009.6 പ്രകാരമുള്ള നിയമാനുസൃത കാലാവധിക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കാത്തപക്ഷം PAC യുടെ 1% തുകയാണ് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടത്. എസ്റ്റിമേറ്റ്, ടെണ്ടർ പട്ടിക എന്നിവ പരിശോധിച്ചതിൽ, പ്രസ്തുത പ്രവൃത്തിയുടെ PAC തുക 703783/- രൂപയാണെന്നു കാണുന്നു. ഇതനുസരിച്ച് കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴ 7038/- രൂപയാണ്. എന്നാൽ 3519/- രൂപ മാത്രമാണ് പിഴ ഇനത്തിൽ ഈടാക്കിയത്. കുറവായി ഈടാക്കിയ 3519/- രൂ. (7038-3519=3519/-) ഓഡിറ്റിൽ നിരാകരിക്കുന്നു.

(എ), (ബി) എന്നിവ പ്രകാരമുള്ള 14476/- രൂ. (10957+3519=14476/-) ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

**3-9** <u>പ്രോജക്ട് നം. **SO-097/16-**മണിയാർ ആറ്റുകടവ് കുഴിക്കരികം റോഡിന്റെ ഇടത്തേയ്ക്ക് തിരിയുന്ന റോഡിന്റെ പുനരുദ്ധാരണം-സെന്ററിംഗ് **&** ഷട്ടറിംഗ്- ആവശ്യകതയിൽ കൂടുതൽ അളവിന് തുക നൽകി-നിരാകരിക്കുന്ന തുക**- 5130/-** രൂ.</u>
നിർവഹണം- മുനിസിപ്പൽ എഞ്ചിനീയർ.

അടങ്കൽ തുക-409000/- (മെയിന്റനൻസ് ഗ്രാന്റ്-112142/-+വികസനഫണ്ട്-സി.എഫ്.സി- 250000/-+മുനിസിപ്പൽ ഫണ്ട്- 46858)

കരാറുകാരൻ- വിക്രമൻപിള്ള.ജി. (18.66% കുറവ്)

എഗ്രി. നം/തീ-220/15-16/13.1.2016.

എം. ബുക്ക് നം.191/15-16.

ഫയൽ നം. E1-12447/15

ആകെ പ്രവൃത്തിമൂല്യം- 398622.65

(-) ടെണ്ടർ കുറവ് 18.66%- 74382.98

-------------

324239.67

---

=324240/-(ബിൽ നം.220/15-16/14.3.16- 250000/-

ബിൽ നം.221/15-16/14..3.16-74240/-)

(-) വാറ്റ് 4%- 12970

WF 1%- 3242

IT 1%- 3242 19454

--------------

കരാറുകാരന് നൽകിയത് 304786/-

എസ്റ്റിമേറ്റ് ഇനം-3 (എം.ബുക്ക് പേജ് നം.5,6) പ്രകാരം "Providing and laying in position CC 1:3:6 using graded metal 60% 40mm metal and 40% 20mm metal including all charges" എന്ന ഇനം ചുവടെ ചേർക്കുന്ന തരത്തിൽ അളവെടുത്ത് കരാറുകാരന് തുക നൽകിയിട്ടുണ്ട്.

1x5x(0.6+0.3)/2x1.15= 7.76

1x4x(0.6+0.3)/2x1.22 = 2.19

1x6x(0.7+0.3)/2x1.67 = 5.01

1x4x(0.7+0.3)/2x 2.05= 4.10

1x5x(0.7+0.3)/2x 1.66 = 4.15

1x10x(0.6+0.3)/2x1.13 = 5.08

1x5.6x(0.6+0.3)/2x0.97=2.44

1x3x(0.6+0.3)/2x1.12= 1.51

1x4x(0.6+0.3)/2x1.27= 2.28

1x3x(0.6+0.3)/2x1.27= 1.71

1x4x(0.6+0.3)/2x1.14= 2.05

1x4.55x(0.6+0.3)/2x0.91=1.86

-------

ആകെ 40.14m3

പ്രസ്തുത അളവ് 37.20m3-ൽ പരിമിതപ്പെടുത്തി 7843/m2 നിരക്കിൽ 291759.60 രൂ. കരാറുകാരന് നൽകി.മേൽ സൂചിപ്പിച്ച അളവിൽ 1x6x(0.7+0.3)/2x1.67 = 5.01m3 കോൺക്രീറ്റിംഗിന് ആവശ്യമായ സെന്ററിംഗ് & ഷട്ടറിംഗ് 1x6x1.67= 10.02m2 മാത്രമാണ്. എന്നാൽ പ്രസ്തുത കോൺക്രീറ്റിംഗിൽ രണ്ടുവശവും സെന്ററിംഗ് & ഷട്ടറിംഗ്

കൊടുത്തിട്ടുള്ളതായി കാണിച്ച് 2x6x1.67=20.04m2 എന്ന് എം.ബുക്കിൽ രേഖപ്പെടുത്തി (എസ്റ്റിമേറ്റ് ഇനം-4, എം.ബുക്ക് പേജ് നം.4) 511.98/m2 നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. രണ്ടുവശവും സെന്ററിംഗ് & ഷട്ടറിംഗ് നൽകേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. കൂടാതെ എം.ബുക്കിൽ ആദ്യം 10.02m2 എന്ന് രേഖപ്പെടുത്തിയത് വെട്ടിത്തിരുത്തിയാണ് 20.04m2 എന്ന് എഴുതിയിട്ടുള്ളതെന്നും പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ആവശ്യകതയ്ക്ക് ഉപരിയായി 10.02m2 സെന്ററിംഗ് & ഷട്ടറിംഗിന് 511.98/m2 നിരക്കിൽ അനുവദിച്ച 5130/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ-11.1.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചതിനുള്ള പിഴ ഈടാക്കിയില്ല-മുനിസിപ്പൽ ഫണ്ടിന് വൻ നഷ്ടം

2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഓ.(പി) നം.13/2012 /PWD/1.2.2012) ഖണ്ഡിക 2009.6 പ്രകാരം, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വച്ചില്ലെങ്കിൽ PACയുടെ 1% പിഴ ഈടാക്കി (മിനിമം-1000/-രൂ, മാക്സിമം-25000/-രൂ)കരാറുടമ്പടി വയ്ക്കാം. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMD കണ്ടുകെട്ടി, ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുക്കാമോയെന്ന് നെഗോഷിയേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീ-ടെണ്ടർ ചെയ്യണം. എന്നാൽ നഗരസഭയിൽ തൻവർഷം നടപ്പാക്കിയ പല പ്രവൃത്തികളിലും പിഴയോടുകൂടിയ കാലാവധിയും കഴിഞ്ഞാണ് എഗ്രിമെന്റ് വച്ചിരിക്കുന്നത്. ആയതിനാൽ കരാറുകൾ റദ്ദാക്കേണ്ടതായിരുന്നു. എന്നിരുന്നാലും പ്രവൃത്തികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ PAC യുടെ 1% പിഴ ഈടാക്കാമായിരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരങ്ങൾ | സെലക്ഷൻ നോട്ടിസ് തീയതി | എഗ്രിമെന്റ് തീയതി | പി.ഏ.സി. | പിഴ തുക (പി.ഏ.സി.യുടെ 1%) |
|---|---|---|---|---|---|
| 1 | SO-256/16 കോമളംകുന്ന് വാർഡിൽ ശ്രീഭദ്രാ റോഡ് കോൺക്രീറ്റിംഗ് | 3.8.2015 | 1.9.2015 | 145000/- | 1450/- |
| 2 | SO-301/16 തൊളിക്കോട് | 3.8.2015 | 4.9.2015 | 110000/- | 1100/- |

| | | | | | |
|---|---|---|---|---|---|
| | വാർഡിൽ മുളന്തടം അമ്പലത്തിന് സമീപമുള്ള റോഡ് കോൺക്രീറ്റിംഗ് | | | | |
| 3 | SO-097/16<br>മണിയാർ ആറ്റുകടവ് കുഴിക്കരികം റോഡിന്റെ ഇടത്തേയ്ക്ക് തിരിയുന്ന റോഡിന്റെ പുനരുദ്ധാരണം. | 17.7.2015 | 13.1.2016 | 409000/- | 4090/- |
| 4 | SO-195/16<br>പേപ്പർമിൽ വാർഡിൽ കല്ലുമല-കുളിക്കടവ് റോഡ് റീടാറിംഗ് | 3.8.2015 | 3.10.2015 | 335000/- | 3350/- |
| 5 | SO-169/16<br>ആരംപുന്ന വാർഡിൽ സ്വാഗതംമുക്ക്-ആരംപുന്ന റോഡ് റീടാറിംഗ് | 3.8.2015 | 3.10.2015 | 288000/- | 2880/- |
| ആകെ | | | | | 12870/- |

നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിനാൽ നഗരസഭാ ഫണ്ടിന് വൻ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ, നഗരസഭയിൽ തൻവർഷം നടപ്പാക്കിയ പ്രവൃത്തികളിൽ എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചവയിൽ നിയമാനുസൃത പിഴ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽവിഷയം സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ-11.1.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-11 പ്രോജക്ട് നം. SO-137/16-ചെമ്മണ്ണൂർ വാർഡിൽ തെങ്ങുംതറ കോളനിയിൽ ഓട നിർമ്മാണം-അപാകതകൾ- നിരാകരിക്കുന്ന തുക- 24551/- രൂ.

നിർവഹണം- മുനിസിപ്പൽ എഞ്ചിനീയർ.

അടങ്കൽ തുക-348000/- (മെയിന്റനൻസ് ഗ്രാന്റ്)

കരാറുകാരൻ- ഷിബു തോമസ് (എസ്റ്റിമേറ്റ് നിരക്ക്)

എഗ്രി. നം/തീ-52/15-16/15.8.2015.

എം. ബുക്ക് നം.229/15-16.

ഫയൽ നം. E1-15244/15

ആകെ പ്രവൃത്തിമൂല്യം- 280557/- (ബിൽ നം. 269/15-16/31.3.2016)
(-) വാറ്റ് 4%- 11222/-രൂപ

WF 1%- 2806/-രൂപ

IT 1%- 2806 16834/-രൂപ

--------------

കരാറുകാരന് നൽകിയത് -263723/- രൂപ

(എ) എസ്റ്റിമേറ്റ് ഇനം-4(എം. ബുക്ക് പേജ് നം. 6)പ്രകാരം graded metal 60% 40mm metal and 40% 20mm metal ഉപയോഗിച്ച് 33.15m നീളമുള്ള ഓടയുടെ ഇരുവശത്തും 20cm കനത്തിലും, 60cm ഉയരത്തിലും CC 1:3:6 അബട്ട്മെന്റ് പണിഞ്ഞതിന് 7.95m3 @ 6713/m3 നിരക്കിൽ 53368/- രൂ. നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

2x9.40x0.20x0.60 = 2.25

2x23.75x0.20x0.60= 5.70

-------

7.95 m3

ഇനം-1 പ്രകാരം 50cm ആഴത്തിൽ എടുത്തിട്ടുള്ള ഓടയിൽ ഇനം-3 പ്രകാരം 10cm കനത്തിൽ CC 1:4:8 ചെയ്തിട്ടുള്ളതിനാൽ ശേഷിക്കുന്ന 40cm ഉയരത്തിൽ മാത്രമേ ഓടയിൽ അബട്ട്മെന്റ് പണിയാൻ സാധിക്കുകയുള്ളൂ. ഇതനുസരിച്ച് അനുവദിക്കാവുന്ന അളവ് ചുവടെ ചേർക്കും പ്രകാരമാണ്.

2x9.40x0.20x0.40 = 1.504

2x23.75x0.20x0.40= 3.80

-------

5.304m3

5.304m3 @ 6713/m3 നിരക്കിൽ 35606/- രൂ. മാത്രമാണ് അനുവദനീയം. അധികം നൽകിയ തുക= 17762/-രൂ.(53368-35606=17762/-).

(ബി) ഇനം-7 (എം. ബുക്ക് പേജ് നം.3) പ്രകാരം പ്രസ്തുത ഓടയ്ക്ക് CC 1:3:6 അബട്ട്മെന്റ് നിർമ്മിക്കുന്നതിന് സെന്ററിംഗ് & ഷട്ടറിംഗ് 60cm ഉയരത്തിൽ ചെയ്തതായി കാണിച്ച് 39.78m2 കണക്കാക്കി 511.98/m2 നിരക്കിൽ 20367/- രൂ. അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

2x9.40xx0.60 = 11.28

2x23.75xx0.60= 28.50

-------

39.78 m2

എന്നാൽ സെന്ററിംഗ് & ഷട്ടറിംഗ് 40cm ഉയരത്തിൽ ചെയ്താൽ മതിയാകും. ഇതനുസരിച്ച് അനുവദിക്കാവുന്ന അളവ് ചുവടെ ചേർക്കുന്ന തരത്തിലാണ്.

2x9.40xx0.40 = 7.52

2x23.75xx0.40= 19.00

-------

26.52m2

26.52m2 @ 511.98/m2 നിരക്കിൽ 13578/- രൂ. മാത്രമാണ് അനുവദനീയം. അധികം നൽകിയ തുക= 6789/-രൂ. (20367-13578= 6789/-)

(എ), (ബി) ഇനങ്ങളിലായി അധികം നൽകിയ 24551/- രൂ. (17762+6789=24551/-) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 ഭവനപുനരുദ്ധാരണം -മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകി

പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് എട്ട് വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് അർഹതയുള്ളു എന്ന് 16-11-13-ലെ സ.ഉ (എം.എസ്) നം362/13/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗരേഖയിൽ വ്യക്തമായിരിക്കെ നഗരസഭയിൽ നിന്ന് ഭവനനിർമ്മാണ ആനുകൂല്യം കൈപ്പറ്റി വീട് നിർമ്മാണം പൂർത്തിയാക്കി എട്ട് വർഷം തികയാത്തവർക്ക് ഭവനപുനരുദ്ധാരണ ആനുകൂല്യം നൽകി.

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി എസ് സി പി ഫണ്ടിൽനിന്ന് 28

ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പട്ടികജാതി വനിതകൾക്ക് ഭവനപുനരുദ്ധാരണം

എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം.108) 140 ഗുണഭോക്താക്കൾക്ക് 20,000/-രൂപ വീതം നൽകിയിട്ടുണ്ട്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് എട്ട് വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഭവനപുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ സബ്സിഡി

മാർഗരേഖയിൽ വ്യക്തമായിരിക്കെ നഗരസഭയിൽ നിന്ന് ഭവനനിർമ്മാണആനുകൂല്യം കൈപ്പറ്റി വീട് നിർമ്മാണം പൂർത്തിയാക്കി എട്ട് വർഷം തികഞ്ഞിട്ടില്ല എന്ന് ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻകാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള 7 പേർക്ക് ഭവനപുനരുദ്ധാരണ ആനുകൂല്യം നൽകി. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് വിലാസം | കൈപ്പറ്റിയ തുക | ബിൽ നം- തീയതി | റേഷൻകാർഡ് നമ്പർ/റേഷൻ കാർഡിലെ രേഖപ്പെടുത്തൽ പ്രകാരം ഭവനനിർമ്മാണ ആനുകൂല്യം ലഭിച്ച വർഷം |
|---|---|---|---|---|
| 1 | സുപ്രിയമോൾ<br>ഈട്ടിവിള വീട്<br>കാരക്കാട് | 10000/-<br>10000/- | 21615/15/<br>29-01-16<br>21619/15/<br>23-03-16 | 1209113562<br>2010-11 |
| 2 | പൊടിയമ്മ<br>വിപിൻസദനം<br>പരവട്ടം | 10000/-<br>10000/- | 21615/15/<br>29-01-16<br>21619/15/<br>23-03-16 | 1209083524<br>2010-11 |
| 3 | രോഹിണി<br>അമ്പുവിളവീട് | 10000/-<br>10000/- | 21615/15/<br>29-01-16<br>21619/15/<br>23-03-16 | 1209114782<br>2009-10<br>(അവസാന ഗഡു 2010-11) |
| 4 | ജയലേഖ<br>മരുവിളവീട് | 10000/-<br>1 | 21615/15/<br>29-01-16 | 1209119725<br>2009-10 |

| | | | | |
|---|---|---|---|---|
| | താമരപ്പള്ളി | 0000/- | 21619/15/ 23-03-16 | (അവസാന ഗഡു 2010-11) |
| 5 | ലത<br>കിഴക്കേക്കരപുത്തൻവീട്<br>ശാസ്താംകോണം | 10000/-<br>10000/- | 21615/15/ 29-01-16<br>21619/15/ 23-03-16 | 1209090425<br>2009-10<br>(അവസാന ഗഡു 2010-11) |
| 6 | ചന്ദ്രമതി<br>അരുൺനിവാസ്<br>കല്ലുംങ്കുമുക്ക് | 10000/-<br>10000/- | 21615/15/ 29-01-16<br>21619/15/ 23-03-16 | 1209111632<br>2010-11 |
| 7 | രാധ<br>സജിഭവൻ<br>കല്ലാർ | 10000/-<br>10000/- | 21615/15/ 29-01-16<br>21619/15/ 23-03-16 | 1209086450<br>2010-11 |

തൻവർഷം ഭവനപുനരുദ്ധാരണത്തിനുള്ള ആനുകൂല്യം ലഭിച്ച നിരവധി ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിലും ഭവനപുനരുദ്ധാരണത്തിനുള്ള ആനുകൂല്യം നൽകിയതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്<br>വിലാസം | റേഷൻകാർഡ് നം. | റേഷൻകാർഡ് പ്രകാരംമുൻപ് ഭവനപുനരുദ്ധാരണ ആനുകൂല്യം ലഭിച്ച വർഷം/ഇതര വിവരങ്ങൾ |
|---|---|---|---|
| 1 | പ്രസന്ന<br>പ്ലാവിള വീട് പ്ലാച്ചേരി | 1209108075 | 2009-10<br>2011-12 |
| 2 | ശാന്തമ്മ<br>വയലിറക്കത്ത് വീട്<br>വിളക്കുവെട്ടം | 1209086015 | 2011-12 |
| 3 | ലീല<br>ലീല വിലാസം | 1209084131 | 2010-11<br>2012-13 |

| | | | |
|---|---|---|---|
| | മൈലയ്ക്കൽ | | |
| 4 | തങ്കമണി<br>ചന്ദ്ര വിലാസം കല്ലുങ്ങും മുകൾ | 1209099716 | 2011-12 |
| 5 | ഗിരിജ<br>ഗിരിജ ഭവൻ പരവട്ടം | 1209097811 | 2011-12<br>2013-14 |
| 6 | അംബിക<br>മഠത്തിൽതെക്കേതിൽ കല്ലാർ | 1209095647 | 2009-10<br>2010-11<br>2011-12 |
| 7 | രാധ<br>പിണറുവിള<br>മൈലയ്ക്കൽ | (വ്യക്തമല്ല) | 2010-11<br>2011-12 |
| 8 | അജിത കിഴക്കേക്കര കേളങ്കാവ് | 1209053819 | 2011-12 |
| 9 | വനജ<br>മരുതമൺവീട് ഠൗൺ | 1209089794 | 2012-13 |
| 10 | ശ്യാമള<br>പാറയിൽ വീട്<br>കക്കോട് | 1209084172 | 2012-13 |
| 11 | സുധർമ്മ<br>അല്ല് അമ്പാടിവീട്<br>കോമളംകുന്ന്(<br>ചരുവിളപുത്തൻവീട്) | 120911552 | ഗുണഭോക്താവിനെക്കൂടാതെ റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഏക അംഗമായ ഭർത്താവ് ശ്രീ.ശശിയ്ക്ക് 2010-11ൽ ഭ്രരഹിത ധനസഹായം നൽകിയിരിയ്ക്കുന്നു. |

മേൽസൂചിപ്പിച്ച അപാകതകളിൻമേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.10-ന് മറുപടി ലഭിച്ചിട്ടില്ല. മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഭവനപുനരുദ്ധാരണ ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 1,40,000/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

ക്രമവിരുദ്ധമായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതും ഭവന പുനരുദ്ധാരണ ആനുകൂല്യങ്ങൾ ഇടവിട്ടുള്ളവർഷങ്ങളിൽ നൽകുന്ന സാഹചര്യം ഒഴിവാക്കി

അർഹരായവർക്ക് ഭവനനിർമാണ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 3-13 നഗരസഭാ ഓഫീസ് അടിസ്ഥാന സൗകര്യവികസനം- വാങ്ങിയ ഉപകരണങ്ങൾ നിരുപയോഗമായി തുടരുന്നു.

നഗരസഭയിലെ അടിസ്ഥാന സൗകര്യ വികസനാർത്ഥം വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിയ്ക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതിനാൽ വാറൻറി കാലയളവിനുള്ളിൽ പ്രവർത്തനസജ്ജമാക്കാനാവാതെ നിരുപയോഗമായി തുടരുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ നഗരസഭാ ഓഫീസിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ എന്ന പ്രോജക്ട് പ്രകാരം (പ്രോ.നം.128/15-16) ലോകബാങ്ക് സഹായം ഇനത്തിലുള്ള വികസനഫണ്ടിൽ നിന്നും 4,82,000/-രൂപ ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | ബിൽ നം. തീയതി | തുക (രൂ.) | സിഡ്കോ ഇൻ.നം. /തീ./തുക | ഉപകരണങ്ങൾ | ഒന്നിന്റെ വില | വാങ്ങിയ എണ്ണം |
|---|---|---|---|---|---|---|
| 1. | A4-29923/14 13.10.15 | 3,52,064/- | SSE KLM 0223/ 18.09.15 രൂ.3,52,064/ | LCDമോണിറ്റർ | 33,500/- | 2 |
| | | | | മൗസ്&കീ ബോർഡ് | 1200/- | 10 |
| | | | | ടോക്കോൺ മെഷിൻ | 39,399/- | 1 |
| | | | | പ്രിൻറർ കം സ്കാനർ | 42,900/- | 1 |
| | | | | ഡോട്മാടിക്സ് പ്രിൻറർ | 12,600/- | 2 |
| | | | | സ്കാനർ | 74,400/- | 2 |
| 2. | A4-29923/14 11.01.16 | 1,29,936/- | SSE KLM 0426/ 11.12.15 രൂ.1,29,936/- | ടച്ച് സ്ക്രീൻ കിയോസ്ക് | 1,45,999/- | |
| | ആകെ | 4,82,000/- | | | | |

പ്രസ്തുത ഉപകരണങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധമായി ഓഡിറ്റ് വേളയിൽ മുനിസിപ്പൽ

ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-ടച്ച് സ്ക്രീൻ കിയോസ്ക്- നിലവിൽസെർവർ റൂമിൽ സൂക്ഷിച്ചിരിക്കുന്നു. ജനനമരണരജിസ്ട്രേഷൻ, ക്ഷേമപെൻഷനുകൾ, കെട്ടിടനികുതി, പദ്ധതിനിർവ്വഹണം (പ്രാഥമികവിവരങ്ങൾ )എന്നിവ ടച്ച് സ്ക്രീൻ സംവിധാനത്തിലൂടെ പരിശോധിക്കുവാൻ കഴിയുന്ന വിധത്തിലുള്ള Input നൽകിയിട്ടുണ്ട്. ഫയൽ ട്രാക്കിംഗിനുള്ള സംവിധാനം ഒരുക്കിയിട്ടില്ല.വിവിധ സെക്ഷനുകളിൽ നിന്നുള്ള വിവരങ്ങൾ upload ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടില്ല.

2-ടോക്കൺ മെഷീൻ-
പ്രവർത്തനസജ്ജമാക്കിയിട്ടില്ല.നിലവിൽ സെർവർ റൂമിൽ സൂക്ഷിക്കുന്നു

3-ഹൈസ്പീഡ് സ്കാനർ-

സ്കാനർ ഒന്നിന് 74400/-രൂപ നിരക്കിൽ വാങ്ങിയ രണ്ട് ഹൈസ്പീഡ് സ്കാനറുകൾ നിലവിൽ

സെർവർ റൂമിൽ സൂക്ഷിച്ചിട്ടുണ്ട്. CANON IMAGE FORMULA DR-C225 സീരീസിലുള്ള സ്കാനറുകൾക്കാണ് ഒന്നിന് നികുതി കൂടാതെ 74400/-രൂപയാണ് SIDCO ഈടാക്കിയിരിക്കുന്നത്. ടിതുക പ്രസ്തുത ഉപകരണത്തിന്റെ വിപണിവിലയുടെ ഇരട്ടിയോളമാണെന്ന് ഉപകരണത്തിന്റെ വില്പനവില അറിയിക്കുന്ന വിവിധ വെബ്സൈ

റ്റുകളിൽ നിന്നും വ്യക്തമാണ്. സ്കാനറുകൾനാളിതുവരെ ഉപയോഗ്യമാക്കിയിട്ടില്ല.

ഉപകരണങ്ങൾ വിതരണം നടത്തിയ സിഡ്കോസെയിൽസ് എമ്പോറിയം നഗരസഭയുമായി ഉറപ്പിച്ചിരിക്കുന്ന 11-08-15ലെ കരാർ പ്രകാരം ഉപകരണങ്ങൾക്ക് കരാർതീയതി മുതൽ ഒരു വർഷത്തെ വാറന്റിയാണ് നൽകിയിരിക്കുന്നത്. ഒരു വർഷ വാറണ്ടിയുള്ള പ്രസ്തുത ഉപകരണങ്ങൾ ഉപയോഗക്ഷമമാക്കുന്നതിനുള്ള സംവിധാനം ഒരുക്കാതെ മുൻകൂർ വാങ്ങിയത് സംബന്ധമായി രേഖാമൂലമുള്ള വിശദീകരണം തേടി 13.01.16ൽ നൽകയ ഓഡിറ്റ് നം.12ന് ലോകബാങ്ക് സഹായം ഉപയോഗിച്ചുള്ള പ്രോജക്റ്റുകൾ 2015 ഡിസംബറിന് മുമ്പ് പൂർത്തകരിക്കണമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലോകബാങ്ക് നിബന്ധന പ്രകാരമുള്ള ടെണ്ടർ നടപടികളിലൂടെയാണ് ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ SIDCO യിൽ നിന്ന് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്നും ലോകബാങ്ക് സഹായം ഉപയോഗിച്ചുള്ള വാങ്ങലുകൾക്ക് നെഗോസിയേഷൻ അനുവദിച്ചിട്ടില്ലെന്നുംടച്ച് സ്ക്രീൻ കിയോസ്ക്,ടോക്കൺ മെഷീൻ,ഹൈസ്പീഡ്സ്കാനർ എന്നിവ 2016-17ലെ ഓഫീസ് നവീകരണംഎന്ന പ്രോജക്റ്റിന്റെ ഭാഗമായി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

ലക്ഷ്യാനുസൃതമായി ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കി സ്ഥാപിച്ചിട്ടില്ലാത്തതിനാൽ

ടച്ച് സ്ക്രീൻ കിയോസ്ക്,ടോക്കൺ മെഷീൻ,ഹൈസ്പീഡ്സ്കാനർ എന്നിവയ്ക്കായി ചെലവഴിച്ച

3,50,908/-രൂപ(145999+74400+74400+39399*5%വാറ്റ്)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മതിയായ സൗകര്യങ്ങൾ ഒരുക്കി ലക്ഷ്യാനുസൃതമായി ഉപകരണങ്ങൾ പ്രവർത്തനസജ്ജമാക്കി സ്ഥാപിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്. പൊതുപ്പണം വിനിയോഗിച്ച് ആർജിക്കുന്നആസ്തികൾ ഫലദായകമാക്കുവാനും വാങ്ങൽ നടപടികൾ സുതാര്യമാക്കുവാനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ- ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഇല്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി വിവിധ ഏജൻസികളിൽ തുക ഒടുക്കിയെങ്കിലും ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമനം | പ്രോ.നം./പേര് | നിർവഹണ ഏജൻസി | ഫണ്ട്/ ബിൽനം./തുക/ തീയതി | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 327/15-16<br>കലയനാട് പരവട്ടം വാർഡുകളിൽ പൈപ്പ് ലൈൻദീർഘിപ്പിക്കൽ | കേരള വാട്ടർ അതോറിട്ടി | A4-15841/15-16/<br>29-07-15<br>വികസന ഫണ്ട്<br>217000/-രൂപ | 217000/-രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിക്ക് ടെണ്ടർ അധികരിക്കുകയായി 10-06-16 ലെ ചെക്ക് നം 14802 പ്രകാരം 28150/-രൂപയുംകൂടി നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി വ്യക്തമാക്കുന്ന രേഖകളില്ല. |
| 2 | 305/15-16<br>കെ.എസ്.ഇ.ബി പുനലൂർ ഡിവിഷൻ പരിധിയിലുള്ള വിവിധ വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | A4-15842/15-16<br>/29.07.15<br>വികസന ഫണ്ട്<br>1,82,000/-രൂപ | പൂർത്തീകരണ വിവരങ്ങൾ ഇല്ല |

| | | | | |
|---|---|---|---|---|
| 3 | 306/16<br>പരവട്ടം-മണിയാർ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | A4-15885/15-16 /29.07.15<br>വികസന ഫണ്ട്<br>1,09,196/-രൂപ | പൂർത്തീകരണ വിവരങ്ങൾ ഇല്ല |
| 4 | 244/16<br>ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണത്തിന് വിഹിതം ഒടുക്കൽ | മെമ്പർ സെക്രട്ടറി &ജില്ലാ കളക്ടർ കൊല്ലം | A4-3561/15-16 /17.03.16<br>വികസന ഫണ്ട്<br>1,00,000/-രൂപ | പൂർത്തീകരണ വിവരങ്ങൾ ഇല്ല |
| 5 | 1/16<br>എസ്.എസ്.എ വിഹിതം ഒടുക്കൽ | SSAജില്ലാ പ്രോജക്ട് ഓഫീസ് | A4-20623/15<br>17-10-15<br>വികസന ഫണ്ട്<br>10,00,000/-രൂപ | തുക ഒടുക്കിയതിന് ആധാരമായ Physical& Functional Proforma-യോ തുകയുടെ വിനിയോഗ വിവരമോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 6 | 357/16<br>ജപ്പാൻ-കുര്യോട്ടുമല കുടിവെള്ള പദ്ധതിയിൽ നിന്നും നഗരസഭയുടെ വിവിധ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി പൈപ്പ് ലൈൻ ഇടുന്നതിനായി കേരള വാട്ടർ അതോറിട്ടിയിൽ തുക ഒടുക്കൽ | കേരള വാട്ടർ അതോറിട്ടി | A4-4172/16<br>17.03.16<br>വികസന ഫണ്ട്<br>10728366/- | പ്രവൃത്തി പൂർത്തീകരിച്ചതായി വ്യക്തമാക്കുന്ന രേഖകളില്ല. |
| | ആകെ | | 1,23,36,562- | |

മേൽ സൂചിത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും സ്വീകരിച്ച തുടർ നടപടികളും സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്എൻക്വറി നം-12ന് നൽകിയ മറുപടിയിൽ ക്രമ നം.1 മുതൽ 5വരെയുള്ള പ്രവൃത്തികളുടെ ധനവിനിയോഗ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നിർവഹണ ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ക്രമനം.6 പ്രകാരമുള്ള പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതികൾക്കായി നിർവഹണ ഏജൻസികളിൽ നിക്ഷേപിച്ച 1,23,36,562/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-15 പാലിയേറ്റിവ് കെയർ-മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയസാന്ത്വന പരിചരണ പരിപാടി എന്ന പ്രോജക്ടിനായി (നം. 30/16) 29.03.15ലെ ബിൽ നം. 06/15-16 പ്രകാരം പിൻവലിച്ച *1,00,000/-*രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും നാളിതുവരെ 79,730/-രൂപയുടെമരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം.തീയതി. | ലഭ്യമായ മരുന്നിന്റെ വില. |
|---|---|
| 3870/20.10.16 | 25762/- |
| 6047/06.01.17 | 5294/- |
| 2775/31.08.16 | 23,990/- |
| 3802/18.10.16 | 17,493/- |
| 6042/06.01.17 | 7191/- |
| ആകെ | 79730/- |

കൂടാതെ 20.10.16ലെ ഇൻവോയ്സ് നം.3870 പ്രകാരം 8രൂപ നിരക്കിൽ ALZIL 5mg 200 എണ്ണം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 60 എണ്ണം മാത്രമാണ് ലഭ്യമായിട്ടുള്ളത്.വിതരണം ചെയ്തതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള 1120/-രൂപയുടെ ALZIL 5mg ഗുളികകൾ ലഭ്യമായിട്ടില്ല.

മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാത്തതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ

വിശദവിവരങ്ങൾ തേടി13.01.17ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിലയിനത്തിൽ ഒടുക്കിയ തുകകളിൽ ശേഷിയ്ക്കുന്ന 21390/-രൂപ (20270+1120) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിവിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സംതീർപ്പാക്കേണ്ടതാണ്.

## 3-16 കിണർ നിർമ്മാണം-(പട്ടികജാതി-വനിത)മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്കും അർഹമായതിലും അധികമായി ആനുകൂല്യം നൽകി

പുതിയ കിണർ നിർമ്മാണത്തിനുള്ള ധനസഹായത്തിന് മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്നും പുതിയ തുറന്ന കിണർ നിർമാണത്തിന് പട്ടികജാതി വിഭാഗത്തിന് നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്നപരിധി വാല്യുവേഷന്റെ 75% എന്ന പരിധിയ്ക്ക് വിധേയമായി പരമാവധി 22,000/-രൂപയാണെന്നും 16-11-13 ലെ സ.ഉ (എം.എസ്)നം 362/13/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗരേഖയിൽ വ്യക്തമായിരിക്കെ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭ്യമായ വ്യക്തിയ്ക്കും വാല്യുവേഷന്റെ 75% എന്ന പരിധി പരിഗണിയ്ക്കാതെയും ആനുകൂല്യം നൽകി.

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി എസ് സി പി ഫണ്ടിൽനിന്ന് 28ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പട്ടികജാതി വനിതകൾക്ക് പുതിയ കിണർ നിർമ്മാണം എന്ന പ്രോജക്റ്റ്പ്രകാരം (പ്രോജക്റ്റ് നമ്പർ 109) 140 ഗുണഭോക്താക്കൾക്ക് 20,000/-രൂപ വീതം നൽകിയിട്ടുണ്ട്. പുതിയ കിണർ നിർമ്മാണത്തിനുള്ള ധനസഹായത്തിനുള്ള അർഹത മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമാണെന്ന് സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ മുൻവർഷം ആനുകൂല്യം ലഭ്യമായതായി അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻകാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയ്ക്ക് വീണ്ടും ആനുകൂല്യം നൽകി.ഗുണഭോക്താവിന്റെ വിവരംചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നം/ തീയതി | റേഷൻകാർഡ് നം./ രേഖപ്പെടുത്തൽ പ്രകാരം ആനുകൂല്യം മുൻപ് ലഭിച്ച വർഷം |
|---|---|---|---|---|
| 1 | ശ്രീമതി ചെല്ലമ്മ ചെമ്പകശ്ശേരി വീട്, കക്കോട് | 20000/- (10000+10000) | H2.21617/15-22.02.16 H2.21617/15-16.03.16 | 1209084163 2009-10 |

കൂടാതെ മൂന്ന് ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. 5 ഗുണഭോക്താക്കളുടെ കിണറുകൾ സംബന്ധമായ വാല്യൂവേഷനുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്ത മൂന്ന് ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ. അധിക സബ്സിഡി അനുവദിച്ച് നൽകി

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാല്യൂവേഷൻ | അർഹമായ തുക | അനുവദിച്ച തുക | ബിൽ നം-തീയതി |
|---|---|---|---|---|---|
| 1 | ശ്രീമതി രമ<br>ആതിരാഭവൻ<br>വിളക്കുവെട്ടം | 23400 | 17550 | 20000<br>(10000+10000) | H2.21617/15/<br>29-01-16<br>ആകെത്തുക<br>-2,200,00/-<br>H-2-21617/15/<br>23-03-16<br>ആകെത്തുക-<br>1,40,000/- |
| 2 | ശ്രീമതി അജിത<br>ചന്ദ്രവിലാസം<br>പടിഞ്ഞാറ്റതിൽ<br>വിളക്കുവെട്ടം | 22000 | 16500 | 20000<br>(10000+10000) | H2.21617/15/<br>29-01-16<br>ആകെത്തുക<br>-2,20,000/-<br>H-2-21617/15/<br>23-03-16<br>ആകെത്തുക-<br>1,40,000/- |
| 3 | ശ്രീമതി ശ്രീജ<br>ചന്ദ്രവിലാസം<br>പടിഞ്ഞാറ്റതിൽ<br>വിളക്കുവെട്ടം | 22500 | 16875 | 20000<br>(10000+10000) | H2.21617/15/<br>29-01-16<br>ആകെത്തുക<br>-2,20,000/-<br>H-2-21617/15/ |

| | | | | | |
|---|---|---|---|---|---|
| | | | | | 23-03-16 ആകെത്തുക- 1,40,000/- |
| | ആകെ | | 50,925/- | 60,000/- | |
| | അധികമായി നൽകിയ തുക | | 9,075/- | | |

ബി. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വാല്യൂവേഷൻ ഇല്ലാതെ തുക നൽകിയിരിക്കുന്നു

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | അനുവദിച്ച തുക | ബിൽ നം./തുക |
|---|---|---|---|
| 1 | അംബിക സാബുവിലാസം അഷ്ടമംഗലം | 20000 | H2.21617/15/ 27-02-16 ആകെത്തുക- 300000/- |
| 2 | ബിന്ദു സ്നേഹാലയം അഷ്ടമംഗലം | 20000 | H2.21617/15/ 27-02-16 ആകെത്തുക- 300000 |
| 3 | കല്പന മാങ്കുഴി വീട് പ്ലാച്ചേരി | 20000 | H2.21617/15/ 27-02-16 ആകെത്തുക- 300000 |
| 4 | മണിക്കുട്ടി പാറവിളപുത്തൻവീട് നെല്ലിപ്പള്ളി | 20000 | H2.21617/15/ 16-03-16 ആകെത്തുക- 460000 |
| 5 | ഗിരിജ | 20000 | H2.21617/15/ |

| | | | |
|---|---|---|---|
| | പുത്തൻവിള<br>പേപ്പർമിൽ | | 22-03-16<br>ആകെത്തുക-<br>260000 |

സി.ജാതി സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | അനുവദിച്ച തുക | ബിൽ നം./തുക |
|---|---|---|---|
| 1 | ഭവാനി<br>കാഞ്ഞിരമല<br>പുത്തൻവീട്<br>കാഞ്ഞിരമല | 20000 | H2.21617/15/<br>16-03-16<br>ആകെത്തുക-<br>460000/- |
| 2 | സുജാത<br>ദേവിക്കോണം,ചരുവിള<br>കക്കോട് | 20000 | H2.21617/15/<br>22-03-16<br>ആകെത്തുക-<br>260000/- |
| 3 | ശശികല<br>ഷിബുമന്ദിരം<br>കോമളംകുന്ന് | 20000 | H2.21617/15/<br>16-03-16<br>ആകെത്തുക-<br>460000/- |

മേൽസൂചിത അപാകതകളിൻമേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.10-ന് മറുപടി ലഭിച്ചിട്ടില്ല. മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 20,000/- രൂപയും സബ്സിഡി നിരക്കിന്റെ ഉയർന്നപരിധി പരിഗണിയ്ക്കാതെ ചെലവഴിച്ച 9,075/- രൂപയുമുൾപ്പെടെ 29,075/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ ഇല്ലാതെയും ജാതി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 1,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്രമരഹിതമായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കി തടസം തീർപ്പാക്കേണ്ടതുമാണ്.

## 3-17 കിണർ നിർമ്മാണം-(പട്ടിക വർഗ്ഗം)മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യം നൽകി

പുതിയ കിണർ നിർമ്മാണത്തിനുള്ള ധനസഹായത്തിന് മുൻവർഷങ്ങളിൽ ഈ

ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് 16-11-13 ലെ സ.ഉ(എം.എസ്)നം362/13/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമായിരിക്കെ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭ്യമായ 10 പേർക്ക് തൻവർഷവും ആനുകൂല്യം നൽകി.

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി റ്റി എസ് പി ഫണ്ടിൽനിന്ന് 9ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പുതിയ കിണർ നിർമ്മാണം (പട്ടിക വർഗ്ഗം)എന്ന

പ്രോജക്ട് പ്രകാരം (പ്രോജക്ട് നം-132) 45ഗുണഭോക്താക്കൾക്ക് 20,000/-രൂപ വീതം നൽകിയിട്ടുണ്ട്. പുതിയ കിണർ നിർമ്മാണത്തിനുള്ള ധനസഹായത്തിനുള്ള അർഹത

മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമാണെന്ന് സബ്സിഡി മാർഗരേഖയിൽ വ്യക്തമായിരിക്കെ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭ്യമായതായി അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻകാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള 10 പേർക്ക് വീണ്ടും

ആനുകൂല്യം നൽകി.ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നം/തീയതി | റേഷൻകാർഡ് നം./ രേഖപ്പെടുത്തൽ പ്രകാരം ആനുകൂല്യം മുൻപ് ലഭിച്ച വർഷം |
|---|---|---|---|---|
| 1 | രമ<br>സജിത്ത് ഭവൻ<br>ഐക്കരക്കോണം | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209125447<br>2011-12<br>2012-13 |
| 2 | ശിവൻ<br>ചേറ്റുകുഴി<br>വേങ്ങവിളവീട്<br>മണിയാർ | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209082709<br>2012-13 |
| 3 | ഓമനസുര<br>ചേറ്റുകുഴിവേങ്ങവിളവീട്<br>മണിയാർ | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209097832<br>2011-12 |

| | | | | |
|---|---|---|---|---|
| 4 | സോമൻ<br>ചേറ്റുകുഴിവേങ്ങവിളവീട്<br>മണിയാർ | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209097857<br>2011-12 |
| 5 | മണി<br>തേക്കുംകാട്ടിൽ ചരുവിളവീട്<br>മണിയാർ | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209082804<br>2011-12<br>2012-13 |
| 6 | പൊടിച്ചി<br>തേക്കുംകാട്ടിൽ ചരുവിളവീട്<br>മണിയാർ | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209082793<br>2011-12 |
| 7 | ഷാജി<br>തേക്കുംകാട്ടിൽ ചരുവിളവീട്<br>മണിയാർ | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | ക്രമ നം.6ൽ പരാമർശിക്കുന്ന റേഷൻ കാർഡിലെ അംഗം |
| 8 | ജ്യോതി<br>ചേറ്റുകുഴിവേങ്ങവിളവീട്<br>മണിയാർ | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209083116<br>2012-13 |
| 9 | ശാന്ത<br>മൈലയ്ക്കൽചരുവിളവീട്<br>ഗ്രേസീംഗ്ബ്ലോക്ക് | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209084481<br>2011-12 |
| 10 | ചെല്ലമ്മകൃഷ്ണൻ<br>ശ്രീകൃഷ്ണവിലാസം<br>ഗ്രേസിംഗ്ബ്ലോക്ക് | 20000/-<br>(10000+10000) | 18550/15<br>/27-02-16<br>18550/15<br>/23-03-16 | 1209084945<br>2011-12 |

ജാതി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലാത്ത 2 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ഭവാനി | 20000/- | 18550/15 |

| | | | |
|---|---|---|---|
| | ചരുവിളവീട് മണിയാർ | (10000+10000) | /16-03-16 18550/15 /23-03-16 |
| 2. | വാമൻ തേക്കുകാട്ടിൽ ചരുവിളവീട് മണിയാർ | 20000/- (10000+10000) | 18550/15 /27-02-14 18550/15 /23-03-16 |

മേൽസൂചിത അപാകതയിൻമേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് മറുപടി നൽകിയിട്ടില്ല. മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 2ലക്ഷം രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ജാതി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 40,000/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. പട്ടിക വർഗ ഉപപദ്ധതി പ്രകാരമുള്ള പദ്ധതികളുടെ നിർവഹണത്തിന്മേൽ സമഗ്രാന്വേഷണം നടത്തി ക്രമരഹിതമായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതും ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി തടസം തീർപ്പാക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ നം- തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക/ ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കലയനാട് പരവട്ടം വാർഡുകളിൽ പൈപ്പ് ലൈൻ | എ4-15841/15-16 /29-07-15 | 217000/- | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. |

| | | | | |
|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | |
| കെ.എസ്.ഇ.ബി | കെ.എസ്.ഇ.ബി പുനലൂർ ഡിവിഷൻ പരിധിയിലുള്ള വിവിധ വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ | എ4-15842/15-16 /29-07-15 | 182000/- | വിനിയോഗവിവരം ലഭ്യമാക്കിയില്ല. |
| കെ.എസ്.ഇ.ബി | പരവട്ടം-മണിയാർ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കൽ | എ4-15845/15-16 /29-07-15 | 109196/- | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. |
| കേരള വാട്ടർ അതോറിട്ടി | ജപ്പാൻ-കുര്യോട്ടുമല കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ ഇടുന്നതിനായി ഒടുക്കിയ തുക | എ4-4172/15-16 /17-03-16 | 10728366 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമല്ല | | 64,53,053 | 41,00,000 | | 23,53,053 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 627500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 627500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 627500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വാർഷികധനകാര്യ പത്രികയിൽ മുൻബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്ന തുക,നിക്ഷേപത്തിന്റെ മറ്റ് വിവരം ലഭ്യമല്ല. | 77000/- |
| കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും ഷെയർ വാങ്ങിയത് | 50500/- |
| ക്ലീൻ കേരള മിഷനിൽ നിന്നും ഷെയർ വാങ്ങിയത് | 500000/- |
| ആകെ | 627500/- |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-1 | 2014-15 | 6.3 | ഖരമാലിന്യ സംസ്കരണ യൂണിറ്റ് -പ്രവർത്തനരഹിതം- 31.46ലക്ഷം രൂപയുടെ ചെലവ് നിഷ്ഫലം | നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,69,80,895 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22,60,97,974 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 497706 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13207094 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 41667 | ശ്രീ.ബിജു.ആർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | | 23759 | ശ്രീ.ബിജു.ആർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | | 6218 | ശ്രീ.ബിജു.ആർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-8 | | 14476 | ശ്രീ.ബിജു.ആർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-9 | | 5130 | ശ്രീ.ബിജു.ആർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-10 | | 12870 | ശ്രീ.ബിജു.ആർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-11 | | 24551 | ശ്രീ.ബിജു.ആർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-12 | | 140000 | ശ്രീ.സാംജി ഡേവിഡ്<br>സെക്രട്ടറി |
| 3-16 | | 29075 | ശ്രീ.സാംജി ഡേവിഡ്<br>സെക്രട്ടറി |
| 3-17 | | 200000 | ശ്രീ.സാംജി ഡേവിഡ്<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 133734 | ശ്രീ.എ.നൈസാം<br>സെക്രട്ടറി |
| 3-7 | 164500 | ശ്രീ.എ.നൈസാം<br>സെക്രട്ടറി(117500) |

| | | |
|---|---|---|
| | | ശ്രീ.സാംജി ഡേവിഡ് സെക്രട്ടറി(47000) |
| 3-13 | 350908 | ശ്രീ.എ.നൈസാം സെക്രട്ടറി |
| 3-14 | 1508196 | ശ്രീ.എ.നൈസാം സെക്രട്ടറി |
| 3-14 | 10828366 | ശ്രീ.സാംജി ഡേവിഡ് സെക്രട്ടറി |
| 3-15 | 21390 | ഡോ.ആർ.ഷാഹിർഷാ മെഡിക്കൽ ഓഫീസർ |
| 3-16 | 160000 | ശ്രീ.സാംജി ഡേവിഡ് സെക്രട്ടറി |
| 3-18 | 40000 | ശ്രീ.സാംജി ഡേവിഡ് സെക്രട്ടറി |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു.ആർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | നിധി നം-125 ബി കൊച്ചുള്ളൂർ മെഡിക്കൽകോളേജ്.പി.ഒ തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ.എ.നൈസാം സെക്രട്ടറി | സെക്രട്ടറി പുനലൂർ നഗരസഭ | എസി.എഫ് മൻസിൽ എലികുന്നാംമുകൾ പുലിയൂർക്കോണം നിലമേൽ |
| ശ്രീ.സാംജി ഡേവിഡ് സെക്രട്ടറി | ലഭ്യമല്ല | ഇട്ടിക്കാത്ര വീട് കെ.പി.റോഡ് കായംകുളം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 1988-89 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 1989-90 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 1990-91 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 1996-97 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 1997-98 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |

| | |
|---|---|
| 1998-99 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 1999-00 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2000-01 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2001-02 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2002-03 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2003-04 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2004-05 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2005-06 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2006-07 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2007-08 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |

| | |
|---|---|
| 2008-09 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2009-10 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2010-11 | എൽ.എഫ്.ക്യൂ.എം.എൽ/1909 /14തീയതി 30-06-14 |
| 2011-12 | എൽ.എഫ്.ക്യൂ.എം.എൽ/933 /14തീയതി 07-10-14 |
| 2012-13 | എൽ.എഫ്.ക്യൂ.എം.എൽ/1254 /15തീയതി 31-10-15 |
| 2013-14 | എൽ.എഫ്.ക്യൂ.എം.എൽ/1556 /2015/14തീയതി 18-11-15 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം-എം.എൽ-1106/16/03-08-16 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

<u>അനുബന്ധം</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.കെ.എൽ.എം.എം.എൽ-314/17 തീയതി – 15.02.2017

<u>സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള നഗരപാലികാ നിയമത്തിന്റെ 295(4)-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പുനലൂർ നഗരസഭയുടെ 2015-16ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക പുനലൂർ നഗരസഭയുടെ 2015-16ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഫീസ്,കൊല്ലം